# പൊതുവിദ്യാഭ്യാസവകുപ്പ് – കേരളം

DIET
KANNUR

## കണ്ണൂർ ജില്ലാ പഞ്ചായത്ത്

## ഡയറ്റ് കണ്ണൂർ–സമഗ്രശിക്ഷ കേരളം കണ്ണൂർ



## എസ് എസ് എൽ സി

### വിദ്യാർത്ഥികൾക്കുള്ള പഠനപിന്തുണാസഹായി

# SMILE-2024

**Special Module to Improve achievement Level in public Exams**

# അടിസ്ഥാന പാഠാവലി

# സന്ദേശം



കണ്ണൂർ ച എസ് എസ് എൽ സി, ഹയർസെക്കൻഡറി, ൽ ാസെക്കൻഡറി വിജയശതമാനം മികച്ചതാക്കുന്നതിനായി ന ു ര രക്ഷിതാക്കളും സമൂഹവും നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ സംസ്ഥാനതലത്തിൽ മികച്ച വിജയം വ ണ്ണൂർ ജില്ലയ്ക്ക് കഴിയുന്നുണ്ട്. 2023-24 അധ്യയന ത്ത എ ുതുന്ന മുഴുവൻ വിദ്യാർഥികളെയും ഉയർന്ന ഗ്രേഡോടെ ഉന്നതപഠനത്തിന രാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കാന പവർത്തപദ്ധതികളിൽ പ്രധാനപ്പെട്ടതാണ് SMILE 2024 എന്ന പേരിലുള്ള പഠന ഹായി തയ്യാറാക്കലും അതിന്റെ ക്ലാസ് റൂം വിനിമയവും.

ഞാൾ മികച്ച വിജയം കരസ്ഥമാക്കുവാൻ നമുക്ക് കഴിയണം. യ ആശങ്കകളും ഇല്ലാതെ ആത്മവിശ്വാസത്തോടെ പരീക്ഷ എഴുതുവാൻ എല്ലാ ു കളെയും പ്രാപ്തരാക്കുക എന്നത് നമ്മുടെ കടമയാണ്. ാ ് കണ്ണൂർ ഡയറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഈ പഠനസഹായി പ്രയോജന ാപ്പെടുത്താൻ വിദ്യാലയങ്ങൾക്ക് സാധിക്കും എന്ന് എനിക്ക് ഉറപ്പുണ്ട്. എ ക്കും ഉയർന്ന ഗ്രേഡോടെ വിജയം കൈവരിക്കാൻ കൂടി ഇത് സഹായകമാകു ന്ന് പ്രതീക്ഷിക്കുന്നു. എല്ലാവർക്കും വിജയാശംസകൾ നേരുന്നു.

**ശ്രീമതി പി പി ദിവ്യ**

**പ്രസിഡണ്ട്**

**കണ്ണൂർ ജില്ലാ പഞ്ചായത്ത്**

# സന്ദേശം



കോവിഡിന്റെ പ്രയാസകരമായ സാഹചര്യങ്ങളെ അതിജീവിച്ച് നാം സാധാരണ ജീവിതത്തിന്റെ താളാത്മകതയിലേക്ക് തിരിച്ചെത്തിയിരിക്കുന്നു. വിദ്യാലയങ്ങളിൽ നേരിട്ടുള്ള പഠനവും പ്രവർത്തനങ്ങളും സജീവമായിരിക്കുന്നു. പ്രതികൂല സാഹചര്യങ്ങളിലും എസ്എസ്എൽസി, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി റിസൾട്ടിൽ നമ്മുടെ ജില്ല മികച്ച പ്രകടനമാണ് നടത്തിയത്. പത്താം ക്ലാസിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനവും ഹയർ സെക്കണ്ടറി യിൽ മൂന്നാം സ്ഥാനും നേടാൻ നമുക്ക് കഴിഞ്ഞു. ഈ മികവ് നിലനിർത്തുക എന്നതും ഗുണാത്മകമായി കൂടുതൽ മെച്ചപ്പെടുക എന്നതും നമ്മുടെ ലക്ഷ്യമാണ്.

ഈ പശ്ചാത്തലത്തിലാണ് കണ്ണൂർ ജില്ലാ പഞ്ചായത്ത് സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഡയറ്റിന്റെ സഹായത്തോടെ SMILE 2024 എന്ന പേരിൽ എസ് എസ് എൽ സി, പ്ലസ് വൺ, പ്ലസ് ടു പഠനത്തിനായി പിന്തുണാസഹായികൾ തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ ക്ലാസ് മുറികളിൽ സവിശേഷ ശ്രദ്ധ നൽകി വിനിമയം ചെയ്യേണ്ട പഠനപ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ അധ്യാപകർക്കും കുട്ടികൾക്കും രക്ഷിതാക്കൾക്കും കഴിയണം. മുൻ വർഷങ്ങളിലേതുപോലെ അഭിമാനകരമായ വിജയം തുടർന്നും നേടാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഈ സംരംഭത്തിന് മുഴുവൻ അധ്യാപകരുടെയും കുട്ടികളുടെയും രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു

ജില്ലാ പഞ്ചായത്തിന്റെ എല്ലാ പിന്തുണയും ഈ പ്രവർത്തനങ്ങൾക്ക് ഉണ്ടാകുമെന്ന് അറിയിക്കുന്നു. വിജയാശംസകൾ നേരുന്നു.

**അഡ്വ. കെ കെ രത്നകുമാരി**

**ചെയർ പേഴ്സൺ,**

**ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി**

**കണ്ണൂർ ജില്ലാ പഞ്ചായത്ത്.**

# ആമുഖം

കഴിഞ്ഞ കുറെ വർഷങ്ങളായി എസ് എസ് എൽ സി, ഹയർസെക്കൻഡറി റിസൾട്ടിൽ സംസ്ഥാനത്ത് മുന്നിൽ നിൽക്കുന്ന ജില്ലയാണ് കണ്ണൂർ. പരീക്ഷ എഴുതുന്ന എല്ലാ കുട്ടികളെയും ഉന്നതപഠനത്തിന് യോഗ്യരാക്കുക, എല്ലാവരെയും ഉയർന്ന ഗ്രേഡ് നേടാൻ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങളാണ് ജില്ലയിലെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കുള്ളത്. ഇതിന്റെ ഭാഗമായിട്ടാണ് ഈ വർഷം കണ്ണൂർ ജില്ലാ പഞ്ചായത്ത് ഡയറ്റിന്റെ അക്കാദമിക സഹായത്തോടെ SMILE 2024 എന്ന പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

എസ്എസ്എൽസി, ഹയർ സെക്കൻഡറി, വൊക്കേഷൻ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് പഠനത്തിൽ പ്രയോജനപ്പെടുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ ആണ് ഈ സഹായക സാമഗ്രിയിൽ ഉള്ളത്. ഇവ യഥാവസരം കുട്ടികളിൽ എത്തിക്കാൻ കഴിഞ്ഞാൽ പഠനത്തിൽ ആത്മവിശ്വാസത്തോടെ മുന്നേറാൻ അവർക്ക് കഴിയും. പത്താം ക്ലാസിലെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, സോഷ്യൽ സയൻസ്, ഗണിതശാസ്ത്രം, അറബിക്, സംസ്കൃതം, ഉറുദു എന്നീ വിഷയങ്ങളും പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ഗണിതശാസ്ത്രം, ഇംഗ്ലീഷ്, എക്കണോമിക്സ്, അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ്, ഹിസ്റ്ററി എന്നീ വിഷയങ്ങളുമാണ് മൂന്ന് പതിപ്പുകളിലായി SMILE 2024-ൽ ചർച്ചയ്ക്ക് വിധേയമാക്കിയിരിക്കുന്നത് എസ്.എസ്.എൽ.സി, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി മേഖലയിലെ പരിചയസമ്പന്നരായ അധ്യാപകരുടെ സഹായത്തോടെയാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളും അധ്യാപകരും രക്ഷിതാക്കളും കൂട്ടായി ഇതിനെ പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാവർക്കും വിജയാശംസകൾ നേരുന്നു.

**വി വി പ്രേമരാജൻ**

**പ്രിൻസിപ്പാൾ**

**ഡയറ്റ് കണ്ണൂർ**

# സന്ദേശം



പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്തും കണ്ണൂർ ഡയറ്റും ചേർന്ന് നടപ്പിലാക്കുന്ന SMILE 2024 പദ്ധതി ഉയർന്ന ഗ്രേഡോടെയുള്ള എസ്എസ്എൽസി, പ്ലസ് ടു സമ്പൂർണവിജയം ലക്ഷ്യമിടുന്നു. ബുദ്ധിമുട്ട് തോന്നുന്ന വിഷയങ്ങളിൽ ഒരു കൈത്താങ്ങ് എന്ന നിലയിൽ SMILE 2024 പഠനസഹായികൾ തീർച്ചയായും പ്രയോജനപ്പെടും. കണ്ണൂർ ജില്ലയിലെ എസ്എസ്എൽസി, പ്ലസ് ടു റിസൾട്ട് കേരളത്തിൽ തന്നെ ഒന്നാമത് എത്തുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. എല്ലാവിധ ആശംസകളും നേരുന്നു

**മണികണ്ഠൻ കെ ആർ**

**റീജിയണൽ ഡെപ്യൂട്ടി ഡയരക്ടർ കണ്ണൂർ**

# സന്ദേശം



കണ്ണൂർ ജില്ലാ പഞ്ചായത്ത് സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ SMILE 2024 പഠന പാക്കേജ് ഈ വർഷം എസ്എസ്എൽസി, പ്ലസ് വൺ,പ്ലസ് ടു പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന നമ്മുടെ വിദ്യാർഥികൾക്ക് കൂടുതൽ ആത്മവിശ്വാസത്തോടെ, ആശങ്കകൾ ഇല്ലാതെ പൊതുപരീക്ഷകളെ അഭിമുഖീകരിക്കാൻ വേണ്ടി പ്രത്യേകം രൂപകൽപ്പന ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഈ വലിയ സംരംഭത്തിന് നേതൃത്വം നൽകിയ ഏവരെയും അഭിനന്ദിക്കുന്നതോടൊപ്പം പൊതു പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ജില്ലയിലെ വിദ്യാർത്ഥികൾക്ക് മികച്ച വിജയവും ആശംസിക്കുന്നു.

**അംബിക എ പി**
**വിദ്യാഭ്യാസ ഉപ ഡയരക്ടർ (ഡിഡിഇ)**
**കണ്ണൂർ**

## അടിസ്ഥാനപാഠാവലി

## യൂണിറ്റ് 1

## ജീവിതം പടർത്തുന്ന വേരുകൾ .

ജീവിതം പൂക്കുകയും തളിർക്കുകയും ചെയ്യുന്നത് പരസ്പര സ്നേഹത്തിലൂടെയാണ്. സ്നേഹബന്ധത്തി'ൽ അധിഷ്ഠിതമായ ഒരു സാമൂഹിക ജീവിതമാണ് മനുഷ്യജീവിതത്തെ മഹത്തരമാക്കുന്നത്. വൃക്ഷത്തിന്റെ ബലം മണ്ണിൽ ആഴ്ന്നിറങ്ങിയ അതിന്റെ വേരുകളാണ്. മനുഷ്യജീവിതത്തിന്റെ ബലം സ്നേഹത്തിന്റെ വേരുകളാണ്.

ഡി.വിനയചന്ദ്രന്റെ' വേരുകൾ 'എന്ന കഥയാണ് യൂണിറ്റിന്റെ പ്രവേശകം. അമ്മയായ ഭൂമിയാണ് നമ്മുടെയെല്ലാം വേരുകൾ. വേരുകളുടെ ബലമാണ് വൃക്ഷത്തിന്റെ താങ്ങ്. അതുപോലെ ഈ ഭൂമിയാകുന്ന അമ്മയാണ് നമ്മെയെല്ലാം പരിപാലിക്കുന്നത്.

- പ്ലാവിലക്കഞ്ഞി.
- ഓരോ വിളിയും കാത്ത്.
- അമ്മത്തൊട്ടിൽ.

## പാഠം.1

## പ്ലാവിലക്കഞ്ഞി

പ്രശസ്ത സാഹിത്യകാരൻ തകഴി ശിവശങ്കരപ്പിള്ളയുടെ 'രണ്ടിടങ്ങഴി' എന്ന വിഖ്യാത നോവലിലെ ഒരു ഭാഗമാണ് പ്ലാവിലക്കഞ്ഞി എന്ന പാഠം. ഒരു കാലഘട്ടത്തിൽ കർഷകർ അനുഭവിച്ച ദുരിത ജീവിതത്തിന്റെയും ജന്മിത്വത്തിനെതിരെയുള്ള കർഷകരുടെ പോരാട്ടത്തിന്റെയും കഥ പറയുന്ന നോവലാണ് രണ്ടിടങ്ങഴി. ചിരുതയുടെയും കോരൻന്റെയും ദാരിദ്ര്യം നിറഞ്ഞ ജീവിതാവസ്ഥയുടെ ആവിഷ്കാരമാണ് പാഠഭാഗം.

1." ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു.അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചു തുടങ്ങി.

'ഇത്തരത്തിലുള്ള ജീവിത ചിത്രങ്ങൾ പാഠഭാഗത്തെ ഹൃദ്യമാക്കുന്നതെങ്ങനെ? സ്വന്തം നിരീക്ഷണം എഴുതുക?

- കൊടിയ ദാരിദ്ര്യം നിറഞ്ഞ ജീവിതം.
- ഇല്ലായ്മകൾ മാത്രം, നെല്ല് കിട്ടാനില്ല.
- കഷ്ടപ്പാടുകളെ സ്നേഹം കൊണ്ട് മറികടക്കാൻ ശ്രമിക്കുന്നു.
- ഒരാൾക്കുവേണ്ടി മറ്റൊരാൾ ത്യജിക്കാൻ ശ്രമിക്കുന്നു.
- ഉപാധികളില്ലാത്ത സ്നേഹം.

2." അപ്പന് ഒരു നേരമെങ്കിലും ചോറു കൊടുക്കണം. അത് മാത്രമാണ് അവന്റെ ആഗ്രഹം" മാതാപിതാക്കളെ വൃദ്ധസദനത്തിൽ ഉപേക്ഷിക്കുന്ന മക്കളുടെ എണ്ണം വർദ്ധിക്കുന്ന ഇക്കാലത്ത് കോരൻ ഏറെ വ്യത്യസ്തനാണ്. സമർത്ഥിക്കുക.

- അച്ഛനോട് അനീതി കാട്ടിയതിൽ കുറ്റബോധം.
- അച്ഛന്റെ ആരോഗ്യം ക്ഷയിച്ചതിലുള്ള സങ്കടം.
- അച്ഛന്റെ ആഗ്രഹങ്ങൾ സാധിച്ചു കൊടുക്കണമെന്ന ചിന്ത.

3.".ഉള്ളതുകൊണ്ട് ഓണം പോലെ' എന്ന പഴഞ്ചൊല്ല് കോരൻന്റെയും ചിരുതയുടെയും ജീവിതാവസ്ഥയുമായി ബന്ധിപ്പിച്ച് വ്യാഖ്യാനിക്കുക?

- പഴഞ്ചൊല്ലിന്റെ ആശയം.
- പാഠഭാഗത്തെ ആശയം
- താരതമ്യം
- സമർത്ഥനം

4."നെല്ലില്ല. പിശാശുക്കള്! നെല്ലു കൊണ്ടുചെന്ന് വല്ല പീടികയിലും പെട്ട വിലയ്ക്ക് വിൽക്കാനാണ്"
'അല്ല തമ്പ്രാ! അത്താഴക്കരിക്കാടിക്കാ ".

ജൻമിയുടെയും കോരൻന്റെയും സംഭാഷണത്തിൽ തെളിയുന്ന ജീവിതാവസ്ഥയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക?

- ജൻമിയുടെ കർഷകരോടുള്ള പെരുമാറ്റം.
- അടിയാന്മാരോടുള്ള സമീപനം.
- ജൻമിത്തത്തിന്റെ ചൂഷണം.

5. "പ്ലാവിലക്കഞ്ഞി" എന്ന എന്ന പാഠഭാഗത്ത് പ്രകടമാകുന്ന സാമൂഹിക ജീവിതാവസ്ഥകൾ വിശകലനം ചെയ്ത് 'പഴയകാല കാർഷിക ജീവിതം കേരളത്തിൽ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക?

- നോവൽ ഭാഗത്തെ കോരൻന്റെയും ചിരുതയുടെയും ജീവിതം
- ജന്മിമാർക്ക് കർഷകരോടുള്ള സമീപനം.
- ചൂഷണം,കരിഞ്ചന്ത,പൂഴ്ത്തിവെപ്പ്
- കർഷകരുടെ ദുരിതങ്ങൾ.
- അതിനെതിരെയുള്ള പോരാട്ടം.

**മാതൃകാചോദ്യങ്ങൾ**

1.‘‘തമ്പ്രാ ഏനു നെല്ല്കൂലി മതി, ചക്രം മേണ്ട’’
ആരുടെ വാക്കുകളാണിവ?
(ചിരുത, കോരൻ, ഔസേപ്പ്)

(സ്കോർ 1)

2.‘‘നെല്ലില്ല, പിശാശുക്കള്’’
പുഷ്പവേലിൽ ഔസേപ്പിന്റെ ഈ വാക്കുകളിൽ തെളിയുന്ന ഭാവമെന്ത്?
(പരിഹാസം, സന്തോഷം, നിഷേധം)

(സ്കോർ 1)

3.‘‘രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻവ്യാപാരങ്ങൾ കോരൻ കണ്ടു’’.

- ഇവിടെ ‘വൻവ്യാപാരങ്ങൾ’ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

- കൂടിയ വിലയ്ക്ക് നെല്ല് മറിച്ച് വിൽക്കൽ
- പലിശയ്ക്ക് പണം കടം കൊടുക്കൽ
- കർഷകർക്ക് നെല്ല് വിതരണം ചെയ്യൽ

(സ്കോർ 1)

4.പിറ്റേന്ന് കാലത്ത് ആ നാഴിയരി കഞ്ഞിവെള്ളവും നാല് കഷണം കപ്പയും ഒരു വഴക്കിന് കാരണമായി. വഴക്കിന് കാരണമായ സന്ദർഭം ഏത്?

- കോരനും ചിരുതയും വയറ് നിറച്ച് ഭക്ഷണം കഴിച്ചത്.
- ചിരുത ഒട്ടും ഭക്ഷണം കഴിക്കാത്തതിനാൽ.
- മുഴുവൻ ഭക്ഷണവും കോരൻ കഴിച്ചത് കൊണ്ട്.

(സ്കോർ 1)

5.''അരിയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചിട്ട് ദെവസം പത്തായി. കപ്പ തന്നെ കപ്പ! അതാ ഈ വെളർച്ച''

വരികളിൽ തെളിയുന്ന അക്കാലത്തെ സാമൂഹികാവസ്ഥ?

(ദാരിദ്ര്യം, തൊഴിലില്ലായ്മ, ബാലവേല)

(സ്കോർ 1)

6.''അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു''.

കോരന് അപരാധബോധം ഉണ്ടാക്കാനിടയായ കാരണം എന്ത്?

- അച്ഛനെ തകഴിയിൽ തനിച്ചിട്ടു കോരൻ സ്വന്തം സുഖം തേടി ഭാര്യയോടൊത്ത് മറുനാട്ടിൽ വന്നത്.
- തന്റെ ഭാര്യയായ ചിരുതയ്ക്ക് ഒരു നേരത്തെ അത്താഴംകൊടുക്കാൻ കഴിയാത്തതിനാൽ.
- നെല്ലിന് പകരം കാശ് കൂലിയായി കിട്ടിയതിനാൽ

(സ്കോർ 1)

7.''ജീവിതത്തിന് എന്തെന്ത് സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാന അധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ച് കഴിയുന്നത്''.

- ആരെക്കുറിച്ചുള്ള പരാമർശമാണിത്?

കോരൻ, ഔസേപ്പ്, കോരന്റെ അച്ഛൻ

(സ്കോർ 1)

8.''ആ ദിവസം കോരന്റെ ജീവിതത്തിലെ ഒരു സ്മരണീയ ദിവസമായിരുന്നു''. ആ ദിവസം സ്മരണീയമായിത്തീരാനിടയായ സാഹചര്യം എന്ത്?

- ഉഴക്കരിയുടെ കഞ്ഞി വെച്ചത്.
- കോരന്റെ ഒരു ദിവസത്തെ കൂലിയിലെ കടം അവൻ വീട്ടിക്കഴിഞ്ഞത്.
- അച്ഛൻ കോരനെത്തേടി വന്നത്

(സ്കോർ 1)

*9.മാതൃകപോലെ പദം പിരിക്കുക.*

| | |
|---|---|
| പ്ലാവിലക്കഞ്ഞി | പ്ലാവില + കഞ്ഞി |
| ഇക്കൊല്ലം | സുഖമില്ലെന്ന് |
| ഒരേക്കർ | പുഞ്ചപ്പാടം |
| പിണങ്ങിയിരിക്കുക | പുരയിടം |

(സ്കോർ 1)

10.വിഗ്രഹാർത്ഥം കണ്ടെത്തി എഴുതുക?

നെല്ലുവില നെല്ലിന്റെ വില
എരിതീ
ബലിഷ്ഠശരീരം
പ്ലാവില

(സ്കോർ 1)

11. അത് കണ്ണ് തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു.' കണ്ണുതണുപ്പിക്കുന്ന' എന്ന പ്രയോഗം അർത്ഥമാക്കുന്നതെന്ത്?

(സ്കോർ 1)

12.. 'നെല്ലില്ല. പിശാശുക്കള്!' ഈ വാക്കുകളിൽ തെളിയുന്ന ഭാവം?
കോപം, പരിഹാസം, പുച്ഛം, ദുഃഖം. (സ്കോർ 1)

13. സൂചനകളിൽ നിന്ന് എഴുത്തുകാരനെ കണ്ടെത്തുക?

- ജ്ഞാനപീഠം അവാർഡ് ജേതാവ്,
- കുട്ടനാട്ടിന്റെ ഇതിഹാസകാരൻ
- ചെമ്മീൻ, രണ്ടിടങ്ങഴി എന്നീ നോവലുകളുടെ രചയിതാവ്.

(സ്കോർ 1)

14...അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്! 'ആരുടെ' ചിന്തയാണിത് ?
അങ്ങിനെ ചിന്തിച്ചത് എന്തുകൊണ്ട്?

(സ്കോർ 2)

15.രണ്ട് വാക്യങ്ങളാക്കി മാറ്റിയെഴുതുക?
കൈനകരി മുഴുവൻ രാത്രിയിൽ ഊന്നിനടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻവ്യാപാരങ്ങൾ കോരൻ കണ്ടു.

(സ്കോർ 2)

***16. ഒറ്റവാക്യമാക്കി മാറ്റുക.***
രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്? നെല്ല് കൂലികിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത്? കോരൻ ചിന്തിച്ചു.

(സ്കോർ 2)

17.'തമ്പ്രാ, ഏനു നെല്ലുമതി, ചക്രം മേണ്ട' കോരനെക്കൊണ്ട് ഇങ്ങനെ പറയിപ്പിച്ചതിന് പിന്നിലുള്ള കാരണങ്ങൾ എന്താവാം?
വീട്ടിൽ അത്താഴത്തിന് അരിയില്ല.
കിട്ടിയ കൂലിയേക്കാൾ കൂടുതലാണ് ഇടങ്ങഴി അരിയുടെ വില (സ്കോർ 2)

18.'നെല്ലില്ല, പിശാശുക്കള്! നെല്ല് കൊണ്ട് ചെന്ന് വല്ല പീടികയിലും പെട്ട വിലയ്ക്ക് വിൽക്കാനാണ്'

കർഷകരോടുള്ള ഇത്തരം സംസാരത്തിൽ നിന്നും തെളിയുന്ന ജൻമിമാരുടെ രണ്ട് സവിശേഷതകൾ എഴുതുക?

- കർഷകരുടെ ആവശ്യങ്ങൾക്ക് വില കല്പിക്കുന്നില്ല.
- സ്നേഹം, കാരുണ്യം തുടങ്ങിയ ഗുണങ്ങൾ തൊട്ട്തീണ്ടാത്ത പ്രകൃതം. (സ്കോർ 2)

19.അത് <u>കണ്ണുതണുപ്പിക്കുന്ന ഒരുകാഴ്ച</u> തന്നെയായിരുന്നു.

'കണ്ണുതണുപ്പിക്കുന്ന കാഴ്ച' എന്ന പ്രയോഗത്തിന്റെ സവിശേഷത വ്യക്തമാക്കുക?

- ജീവിത പ്രാരബ്ധങ്ങൾ കാരണം ചുട്ടുനീറുന്ന മനസ്സുമായി നടക്കുന്ന കോരൻ.
- കോരനെ കൈവെടിഞ്ഞ അച്ഛൻ, കോരനെ തേടിവന്നതും ചിരുത അച്ഛനെ പരിചരിക്കുന്നതുമായ കാഴ്ച.
- അച്ഛന്റെ മോളേ എന്ന വിളി.

(സ്കോർ 2)

20.''അവസാനത്തെ നാളുകൾ പോക്കുവാൻ തപ്പിത്തടഞ്ഞ് എത്തിയിരിക്കുകയാണ്. അരിയിട്ട് തിളപ്പിച്ച കഞ്ഞി കുടിക്കണം. അവസാനത്തെ ആഗ്രഹം''. (പ്ലാവിലക്കഞ്ഞി)

- ഇത് കോരന്റെ അച്ഛന്റെ മാത്രം അവസാനത്തെ ആഗ്രഹമാണോ? വിലയിരുത്തുക.

- അക്കാലത്തെ മുഴുവൻ കർഷകരുടെയും ജീവിത ദുരിതം.
- ദാരിദ്ര്യം, പട്ടിണി, രോഗം
- നെല്ല് പൂഴ്ത്തിവെക്കൽ, കർഷകരോടുള്ള അവഗണന.

(സ്കോർ 2)

21.''ചിരുത കൃതകൃത്യയായി '' കഥാ സന്ദർഭം വ്യക്തമാക്കുക?

- രോഗിയായ അച്ഛൻ കോരനെത്തേടി വരുന്നു.
- താൻ നെയ്ത് വെച്ച മൊറം വിറ്റ് കിട്ടിയ കാശ് കൊണ്ട് വാങ്ങിയ അരികൊണ്ട് ചിരുത അച്ഛനുള്ള കഞ്ഞിവെച്ചത്.
- അച്ഛന്റെ വിശപ്പ് മാറുവോളം അച്ഛനെ പരിചരിക്കാൻ കഴിഞ്ഞു.

(സ്കോർ 2)

22.''നെല്ല് കൂലി കിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത്? കോരൻ ചിന്തിച്ചു. അവന്റെ കൂട്ടുകാരെ എല്ലാം അവനറിയാം. അവർ ജോലിക്ക് പോകും. അവൻ ഒറ്റപ്പെടും''.

കർഷകത്തൊഴിലാളികളുടെ ഏതൊക്കെ സാമൂഹ്യപ്രശ്നങ്ങളാണ് ഈ വരികളിലൂടെ തകഴി അവതരിപ്പിക്കുന്നത്?

- നിസ്സഹായത
- അസംഘടിത സ്വഭാവം
- അനീതിക്കെതിരെ കടുത്ത പ്രതിഷേധമുണ്ടെങ്കിലും തൊഴിൽ നഷ്ടപ്പെടുമെന്ന പേടി

(സ്കോർ 2)

23. ''ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു.
അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞികുടിച്ചു തുടങ്ങി''.
ഇല്ലായ്മകൾക്കിടയിലും ദാമ്പത്യജീവിതത്തെ പ്രകാശപൂരിതമാക്കുന്നത് ഇത്തരം സ്നേഹബന്ധങ്ങളാണ്. വിലയിരുത്തുക?

- കോരന്റെയും ചിരുതയുടെയും വീട്ടിലെ ദാരിദ്ര്യം
- ആറണകൊടുത്ത് വാങ്ങിയ നാഴി അരിയും നാല് ചക്രത്തിന് കിട്ടിയ കപ്പയും കൊണ്ട് അത്താഴം വെച്ചു.
- ഒരു കഷണം കപ്പയും ഒരു പ്ലാവിലക്കഞ്ഞിയും.
- ചിരുതയെ കുടിപ്പിക്കാൻ കോരൻ വാശിപിടിക്കുന്നു.
- ചിരുതയും വാശിപിടിക്കുന്നു. അവളുടെ പ്രേരണയ്ക്ക് കോരൻ വശപ്പെടുന്നു.
- ത്യാഗവും സ്നേഹവും നിറഞ്ഞ് നിൽക്കുന്ന അന്തരീക്ഷം.

24. ‘‘അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു.’’
കോരന്റെ അപരാധബോധത്തിന്റെ കാരണങ്ങൾ കണ്ടെത്തി എഴുതുക?

- പിണക്കങ്ങളെല്ലാം മറന്ന് അച്ഛൻ കോരനെ തേടി വന്ന സന്ദർഭം.
- അച്ഛനെ തകഴിയിൽ തനിച്ചിട്ട് സ്വന്തം സുഖം തേടി ചിരുതയുമായി മറുനാട്ടിൽ വന്നത്.
- തന്നെ വളർത്തി വലുതാക്കാൻ അച്ഛൻ കാണിച്ച ശ്രദ്ധയും കഷ്ടപ്പാടും ഓർക്കുമ്പോഴുള്ള കുറ്റബോധം.
- തന്റെ കൂടെ താമസിച്ചിരുന്നെങ്കിൽ അച്ഛൻ ഇങ്ങനെ ആയിപ്പോകുമായിരുന്നില്ലെന്ന തിരിച്ചറിവ്

25. ‘‘പ്ലാവിലക്കഞ്ഞി ’’ എന്ന പാഠഭാഗത്തിലെ ‘കോരൻ’ എന്ന കഥാപാത്രത്തിന്റെ ജീവിതസാഹചര്യങ്ങൾ വിലയിരുത്തി അക്കാലത്തെ കർഷകത്തൊഴിലാളികൾ നേരിട്ട സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.?

- കടുത്ത ദാരിദ്ര്യം, പട്ടിണി
- പൂഴ്ത്തിവെപ്പ്, കരിഞ്ചന്ത
- അവഗണന, ചൂഷണം
- നിസ്സഹായത, അസംഘടിത സ്വഭാവം

26. ‘‘ഔസേപ്പ് നെല്ല് കൂലി കൊടുക്കാത്തതെന്തുകൊണ്ടെന്ന് കോരന് മനസ്സിലായി ......’’
‘‘ഇങ്ങനെ നെല്ല് വില നിന്നാൽ പുഷ്പവേലിൽ നിന്ന് നെല്ല് കൂലി കിട്ടുകയില്ല; തീർച്ച.’’
കർഷകത്തൊഴിലാളികളെ മനുഷ്യരായി അംഗീകരിക്കാൻപോലും കൂട്ടാക്കാത്ത ജൻമിത്തവ്യവസ്ഥയുടെ പ്രതിനിധിയാണോ പുഷ്പവേലിൽ ഔസേപ്പ് എന്ന കഥാപാത്രം? സ്വാഭിപ്രായം കുറിക്കുക?

- കർഷകത്തൊഴിലാളികളെ പിശാചുക്കളായി കരുതുന്നു.
- അവരുടെ ആവശ്യങ്ങൾ അംഗീകരിക്കാതെ ആട്ടിയോടിക്കുന്നു.
- കടുത്ത ചൂഷണം, നെല്ല് കരിഞ്ചന്തയിൽ വില്പന

(സ്കോർ- 4)

27. ജീവിതത്തിന് എന്തെന്തു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചു കഴിയുന്നത് !'
സൂചനയുടെയും പാഠസന്ദർഭങ്ങളുടെയും അടിസ്ഥാനത്തിൽ കഥാപാത്ര നിരൂപണം തയ്യാറാക്കുക?

(സ്കോർ- 6)

## പാഠം 2.
## ഓരോ വിളിയും കാത്ത്

പ്രശസ്ത കഥാകൃത്തും നോവലിസ്റ്റും ആയ യുകെ കുമാരൻ രചിച്ച ശ്രദ്ധേയമായ ഒരു കഥയാണ് ഓരോ വിളിയും കാത്ത്. ഭാര്യാഭർതൃ ബന്ധത്തിന്റെ ഹൃദ്യവും തീവ്രവുമായ ആവിഷ്കാരമാണ് ഈ കഥ. അച്ഛൻ മരണപ്പെട്ടപ്പോൾ ഒറ്റപ്പെട്ടുപോയ അമ്മയുടെ മനോവേദനകൾ, ഇത്രയും നാളും അച്ഛന്റെ ഓരോ വിളിക്ക് പിന്നാലെ ഓടുകയായിരുന്ന അമ്മയ്ക്ക് ജീവിതത്തിന്റെ ലക്ഷ്യം നഷ്ടപ്പെട്ട അവസ്ഥ, ഒറ്റപ്പെട്ടുപോയ അമ്മയെ ഓർത്ത് സങ്കടപ്പെടുന്ന മകൻ, നഗരത്തിലേക്ക് മകനോടൊപ്പം വരാൻ ഒരുങ്ങുന്ന അമ്മ ഒടുക്കം 'ഞാനെങ്ങന്യാ മോനേ വര്വാ? അച്ഛൻ എന്നെ

എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. 'എന്ന് പറയുന്ന അമ്മ ആത്മാർത്ഥ സ്നേഹത്തിന്റെ പ്രതീകമായും മാറുന്നു.

1. .'ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല ആടകെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്'

സമർഥനായ ഒരു കർഷകൻ എന്ന നിലയിൽ അച്ഛനെ അടയാളപ്പെടുത്താൻ ഈ വാക്കുകൾ പര്യാപ്തമാണോ.?.. ഉണ്ടെങ്കിൽ എങ്ങനെ?

- കാർഷികമായ അറിവ്
- അച്ചൻ കിടന്നിടത്തുനിന്ന് പറയുന്ന കാര്യങ്ങൾ എല്ലാം സത്യമായിരിക്കുന്നു.
- മണ്ണുമായുള്ള ആത്മബന്ധം

.

2. പുതിയ അവസ്ഥയുമായി അമ്മ പതുക്കെപതുക്കെ ഇണങ്ങി വരുന്നു.. ഇവിടെ സൂചിപ്പിക്കുന്ന പുതിയ അവസ്ഥ എന്ത്?

- അച്ഛനില്ലാത്ത വീട്ടിലെ അമ്മയുടെ ജീവിതം.

3.മനസ്സിന്റെ ക്ലാവ് പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു. അടിവരയിട്ട പദത്തിന്റെ അർഥഭംഗി വ്യക്തമാക്കുക?

- കണ്ണാടിയുടെ മങ്ങൽ,അച്ഛന്റെ പ്രായവും രോഗാവസ്ഥയും.
- അച്ഛന്റെ ഓർമ്മകൾ,അച്ഛൻ അനുഭവിക്കുന്ന ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ

.4. 'നല്ല വെള്ളോല്ല, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല. പിന്നെ എന്താ ആടെ ഉള്ളത്?"
അമ്മയുടെ ഈ വാക്കുകൾ നഗര ജീവിതത്തെക്കുറിച്ച് എന്തെല്ലാം സൂചനകൾ ആണ് നൽകുന്നത്..? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക?

- അമ്മ ഗ്രാമം വിട്ടു പോകാൻ ആഗ്രഹിക്കുന്നില്ല.
- തിരക്കുപിടിച്ച ജീവിതം, യാന്ത്രികത.

5. 'ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു." പ്രയോഗ ഭംഗി വ്യക്തമാക്കുക?

- അച്ഛന്റെ മരണം വീടിനെ നിശബ്ദമാക്കിയിരിക്കുന്നു.
- കരിയിലകൾ കാറ്റിന്റെ ഗതിക്കൊപ്പം പാറിപ്പോകുന്നു.
- ഒരുകാലത്ത് പച്ചയായിരുന്നു അത്, ഇന്ന് കരിഞ്ഞു പോയിരിക്കുന്നു.

6."ഞാനെങ്ങന്യാ മോനേ വര്യാ..അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ... 'അച്ഛനെക്കുറിച്ചുള്ള സമ്പന്നമായ ഓർമ്മകളാണ് കഥയിൽ നിറയുന്നത്. അച്ഛൻ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക?

- ആരുടെ,ഏത് കഥയിലെ കഥാപാത്രം.
- കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ.
- മറ്റു കഥാപാത്രങ്ങളുമായുള്ള ബന്ധം.
- സ്വന്തം നിരീക്ഷണങ്ങൾ.

**മാതൃകാചോദ്യങ്ങൾ**

1.ശരിയായ വിഗ്രഹ രൂപം കണ്ടെത്തുക?
അപരാധ ബോധം

- അപരാധത്തിന്റെ ബോധം,
- അപരാധം ചെയ്തു എന്ന ബോധം,
- അപരാധവും ബോധവും.

2.''ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു''.
അടിവരയിട്ട പദങ്ങൾകൊണ്ട് സൂചിപ്പിക്കുന്നതെന്ത്?

(അമ്മയുടെ മൗനം, അച്ഛന്റെ ശബ്ദസാന്നിദ്ധ്യം, മൗനത്തിലാണ്ട വീട്)

3.''ഓർക്ക് ഇതെല്ലാംകാണാൻ ഏടേംപോണോന്നില്ല.
ആട കെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്.'' ആരുടെ വാക്കുകളാണിത്?
(അമ്മയുടെ, അച്ഛന്റെ, കണാരന്റെ)

4. ''ഏകാന്തതയുടെ തുരുത്തുകൾ അമ്മയ്ക്ക് ഒരിക്കലും വിശ്രാന്തിയുടെ ഇടവേളയാക്കാറില്ല''. എന്ന് മകൻ ചിന്തിക്കാൻ കാരണമെന്താവാം?

- അച്ഛന്റെ ഓരോ വിളിക്കും അമ്മ കാതോർക്കുന്നു.
- വാർധക്യത്തിന്റെ നിസ്സഹായതയിലേക്ക് അമ്മ വഴുതിവീഴുന്നു.
- മകന്റെ കൂടെ അമ്മ നഗരത്തിലേക്ക് പോകുന്നു.

(സ്കോർ 1)

5. ദു:ഖം പുറത്ത് പ്രകടിപ്പിച്ചിരുന്നില്ലെങ്കിലും അമ്മയുടെ മനസ്സ് കനത്തുകിടക്കുകയാണെന്ന് മകനുതോന്നി.
'കനത്തു കിടക്കുക' എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?.
(കരഞ്ഞ് കൊണ്ടിരിക്കുക, സങ്കടംമനസ്സിലടക്കി വെക്കുക, സന്തോഷവതിയായിരിക്കുക)
(സ്കോർ 1)

6.എല്ലാരുടേം ഒരു കണ്ണ് ഇങ്ങോട്ടൊന്നുണ്ടാകണേ .. അടിവരയിട്ട പദത്തിന്റെ അർത്ഥസൂചന എന്ത്?

(സ്കോർ 1)

7.''മനസ്സിന്റെ ക്ലാവ് പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു''. 'ക്ലാവ് പിടിച്ച കണ്ണാടി' എന്ന പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക?

- വാർദ്ധക്യം വരുത്തിവെക്കുന്ന രോഗവും ശാരീരിക അവശതയും
- നിറം മങ്ങിയ ഓർമ്മകൾ

(സ്കോർ 2)

8.''കിടപ്പിലായിരുന്നപ്പോൾപോലും വീടിന്റെ ഓരോകാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു''. കഥയിൽ നിന്ന് ഏതെങ്കിലും രണ്ട് അനുഭവങ്ങൾ കുറിക്കുക?

- കന്നിപ്പാടത്ത് വെയിലിന്റെ വേലിയേറ്റം.

- കമുകിൽ തോട്ടങ്ങളിലൂടെ രാത്രികാലത്ത് പറന്ന് പോകുന്ന വാവലുകളുടെ ചിറകടിയൊച്ച.

(സ്കോർ 2)

9.‘‘തേഞ്ഞ് തീർന്ന കാൽമുട്ടുകളിലെ വേദനയും താങ്ങി മുറിയിലൂടെ അച്ചാലും മുച്ചാലും നടക്കേണ്ടതില്ലല്ലോ എന്ന ഖിന്നതയും അമ്മയിലുണ്ട് ’’

- അമ്മയുടെ ദു:ഖം കഥാസന്ദർഭത്തിന് നൽകുന്ന ഭാവതീവ്രത വ്യക്തമാക്കുക?

- അച്ചാലും മുച്ചാലും അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന അമ്മയുടെ കരുതൽ.
- അച്ഛന്റെ മരണം സൃഷ്ടിച്ച നിരാശാബോധം.
- മൗനത്തിലേക്കിറങ്ങിപ്പോകുന്ന അമ്മ.

(സ്കോർ 2)

10.‘‘ഇല്ലച്ഛമ്മേ , ഒന്നും കേക്കില്ല, ടീവിന്റെ ഒച്ചമാത്രമേ കേൾക്കാൻ പറ്റൂ’’.

നഗരത്തിന്റെ ഏതൊക്കെ സവിശേഷതകളാണ് കഥാകാരൻ ഇവിടെ സൂചിപ്പിക്കുന്നത്?

- പക്ഷികളുടെ മാധുര്യമാർന്ന പാട്ടുകൾക്ക് പകരം യന്ത്രങ്ങളുടെ മടുപ്പിക്കുന്ന ശബ്ദം.
- രാത്രിയുടെ സൗന്ദര്യം നഗരത്തിലില്ല.
- മനം മടുപ്പിക്കുന്ന കാഴ്ചകൾ മാത്രം.

(സ്കോർ 2)

11.‘‘മുപ്പരെങ്ങോട്ട് <u>പോയി</u>’’?

‘‘മൂപ്പര് <u>പോയി</u>’’

അടിവരയിട്ട പദങ്ങൾ സന്ദർഭത്തിന് വരുത്തുന്ന അർത്ഥ വ്യത്യാസം കണ്ടെത്തുക?

- എവിടെയാണ് പോയതെന്നുള്ള അന്വേഷണം.
- മരണപ്പെട്ടു എന്ന അർത്ഥം

(സ്കോർ 2)

12.ഓരോ വിളിയും കാത്ത് എന്ന ശീർഷകത്തിൻറെ ഔചിത്യം വ്യക്തമാക്കുക?

- അച്ഛന്റെ വിളിക്ക് കാതോർക്കുന്ന അമ്മ.
- അച്ഛനും അമ്മയും തമ്മിലുള്ള സ്നേഹബന്ധം.
- മരിച്ചിട്ടും തന്നരികിലുണ്ട് എന്ന തോന്നൽ.

(സ്കോർ 4)

13.അച്ഛന്റെ മരണത്തോടു കൂടി വീട്ടിൽനിന്ന് എന്തെല്ലാമോ ചോർന്നു പോയതു പോലെ.' - വീടിനെക്കുറിച്ചുള്ള കഥാകൃത്തിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുക?

- വീടിനെ വീടാക്കുന്നത് കുടുംബത്തിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധമാണ്, സ്നേഹമാണ്.
- വീടിന്റെ വലുപ്പമോ ഭംഗിയോ അല്ല പ്രധാനം. (സ്കോർ 4)

14. പൊരുളില്ലാത്ത സംസാരമെന്ന് ആദ്യം തോന്നാം... സന്ദർഭം ഏത്? വിശദമാക്കുക?

(സ്കോർ 4)

15. ഓരോ വിളിയും കാത്ത് എന്ന കഥയിലെ മകനെയും അമ്മത്തൊട്ടിലിലെ മകനെയും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

(സ്കോർ 4)

16..മാതാപിതാക്കളോടുള്ള കടമകളെയും തന്റേതായ ഉത്തരവാദിത്വങ്ങളെയും കുറിച്ച് ആത്മസംഘർഷം അനുഭവിക്കുന്ന ഒരു കഥാപാത്രമാണ് 'ഓരോ വിളിയും കാത്ത്' എന്ന കഥയിലെ

മകൻ. പ്രസ്താവനയുടെയും പാഠസന്ദർഭങ്ങളുടെയും അടിസ്ഥാനത്തിൽ കഥാപാത്ര നിരൂപണം തയ്യാറാക്കുക?

(സ്കോർ 6)

17.''ഞാനെങ്ങന്യാ മേനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു''

കഥയിലെ മറ്റ് സന്ദർഭങ്ങൾ കൂടി പരിശോധിച്ച് അമ്മ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണ ക്കുറിപ്പ് തയ്യാറാക്കുക?

- അമ്മ കഥയിലെ കേന്ദ്രകഥാപാത്രം.
- അച്ഛന്റെ ഓരോ വിളിക്ക് പിറകെയും ഓടുന്ന കുടുംബിനി.
- അച്ഛനോടുള്ള കരുതൽ, സ്നേഹം.
- അച്ഛന്റെ നിർദ്ദേശങ്ങൾ അപ്പാടെ അനുസരിക്കുന്നു. സ്നേഹബന്ധത്തിന്റ ദൃഢത കാത്ത് സൂക്ഷിക്കുന്നു

(സ്കോർ 6)

## പാഠം 3.
## അമ്മത്തൊട്ടിൽ

പ്രശസ്ത കവി റഫീഖ് അഹമ്മദിന്റെ ഏറെ ശ്രദ്ധേയമായ ഒരു കവിതയാണ് 'അമ്മത്തൊട്ടിൽ. വർത്തമാനകാല സാമൂഹിക അവസ്ഥയുടെ തീഷ്ണമായ ആവിഷ്കാരമാണ് ഈ കവിത. സ്വന്തം അമ്മയെ വഴിയരികിൽ ഉപേക്ഷിക്കാൻ ശ്രമിക്കുന്ന ഒരു മകന്റെ മാനസിക അവസ്ഥയാണ് കവിതയിൽ ചിത്രീകരിക്കുന്നത് .
അമ്മയെ പലയിടത്തും ഉപേക്ഷിക്കാൻ ശ്രമിച്ചിട്ടും അമ്മയോർമ്മകളാൽ അയാൾക്ക് അതിന് സാധ്യമാകുന്നില്ല. തന്റെ  ബാല്യകൗമാര കാലങ്ങൾ എല്ലാം ഓർമ്മകളിൽ തെളിയുമ്പോൾ കുറ്റബോധം അയാളെ നീറ്റുന്നു. ജീവിതത്തിന്റെ ഓരോ വഴികളിലും സ്നേഹസാന്ത്വനം ആയ അമ്മയെ ആണല്ലോ താൻ ഉപേക്ഷിക്കാൻ ശ്രമിക്കുന്നതെന്ന ചിന്തയാൽ നീറുന്ന അയാൾ മടങ്ങാൻ ശ്രമിക്കുന്നു .

**പ്രവർത്തനം**

1. 'പക്ഷേ കണ്ണുകൾ, കണ്ണുകൾ മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ് '
വരികളുടെ സാദൃശ്യ ഭംഗിയുടെ സൗന്ദര്യം വ്യക്തമാക്കുക? *പിഞ്ഞാണത്തോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. *നിരന്തരം ഉപയോഗിക്കുമ്പോൾ നിറം മങ്ങുന്നു.

2. 'അന്നത്തെ സൂചി പ്രയോഗത്തിൻ നീറ്റൽ പോ-ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്'.-- ഈ വരികളിൽ തെളിയുന്ന-മകന്റെ മാനസികാവസ്ഥ വ്യക്തമാക്കുക ?

- അന്നത്തേത് ശാരീരികമായ വേദന
- ഇപ്പോൾ  ശാരീരികമായ വേദന.   *കുറ്റബോധം.

3. അമ്മത്തൊട്ടിൽ എന്ന ശീർഷകത്തിന്റെ  ഔചിത്യം വ്യക്തമാക്കുക?

- അമ്മത്തൊട്ടിൽ എന്ന പദം.
- അമ്മയെ ഉപേക്ഷിക്കാൻ തൊട്ടിൽ തേടുന്ന മകൻ

*വിപരീതാർത്ഥത്തിലുള്ള പ്രയോഗം.

4. അമ്മത്തൊട്ടിൽ എന്ന കവിതയിൽ മകൻ അമ്മയെ ഉപേക്ഷിക്കാൻ തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളിലൊന്നും ഉപേക്ഷിക്കാൻ കഴിയാതെ മടങ്ങുന്നത് എന്തുകൊണ്ടാവാം? നിങ്ങളുടെ നിരീക്ഷണം വ്യക്തമാക്കുക?

- ആശുപത്രിക്ക് അരികിൽ എത്തുമ്പോഴുള്ള അമ്മയോർമ്മ

- വിദ്യാലയമുറ്റത്തെത്തുമ്പോഴുള്ള അമ്മയോർമ്മ
- അമ്പല പരിസരത്തെ അമ്മയോർമ്മ
- അമ്മയെ കുറിച്ചുളള തീവ്രമായ ഓർമ്മകൾ നിറയുന്നു .

5. 'ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ ”

(ഓരോ വിളിയും കാത്ത് )

'എങ്ങിനി കൊണ്ടിറക്കേണ്ടൂ സ്വയം ബുദ്ധി -
കെട്ടു കരിന്തിരിയാളും വരെയവർ
ഒന്നെന്നെ കൊണ്ടുപോയിടേണമെന്നുള്ള
ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ?”

(അമ്മത്തൊട്ടിൽ)

രണ്ടു രചനകളിലെയും മക്കൾക്ക് അമ്മയോടുള്ള സമീപനം ഒന്നാണോ? താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക ?

- രണ്ട് ഭാഗങ്ങളുടെയും ആശയങ്ങൾ തിരിച്ചറിയുന്നു. *
- താരതമ്യം, സാദൃശ്യം, വ്യത്യാസം തിരിച്ചറിയുന്നു.

6..പണ്ട് പനിച്ചതും അമ്മയെടുത്തുകൊണ്ടപ്പടിയോരോന്നു കേറിക്കിതച്ചതും ' 'ഉച്ചയാവോളമമ്മ യാ -ചുറ്റുമതിലിൻ പുറത്തന്നു നിന്നതും ' അമ്മത്തൊട്ടിൽ എന്ന കവിതയിൽ ഓർമ്മകളാണോ മകനെ പിന്തിരിപ്പിക്കുന്നത്? ഓർമ്മകൾക്കുള്ള പ്രാധാന്യം വ്യക്തമാക്കി വിശകലനക്കുറിപ്പ് തയ്യാറാക്കുക?

7.'ഒന്നിനും കൊള്ളരുതാത്തവനെന്നവൾ ഇന്നും പഴി പറഞ്ഞേക്കും, മടങ്ങാതെ വയ്യ,
തലയ്ക്കത്തെന്തോഎന്തോ പെരുക്കുന്നു.'

മകൻ തന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ഒളിച്ചോടാനാണോ ശ്രമിക്കുന്നത്?സ്വന്തം നിലപാടുകൾ ഇല്ലാത്തവർ മറ്റുള്ളവരിൽ കുറ്റം ചാർത്തുന്ന സമീപനത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പ്രതികരണ കുറിപ്പ് തയ്യാറാക്കുക?

*തന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ഒളിച്ചോടുന്നു.
*സമൂഹത്തിന്റെ കുറ്റപ്പെടുത്തൽ.

8.''പിച്ചിയതാര് കരിഞ്ഞൊരുക്കൈകളോ..''യഥാർത്ഥത്തിൽ മനസ്സാക്ഷിയല്ലേ മകനെ പിച്ചിയത്? സ്വാഭിപ്രായം വ്യക്തമാക്കുക?

- അമ്മയെ ഉപേക്ഷിക്കാനുള്ള മനസ്സാക്ഷിക്കുത്ത്.
- അമ്മയോർമ്മകൾ അയാളെ വേട്ടയാടുന്നു.
- നാളെ ലോകം തന്നെ ചോദ്യം ചെയ്യും എന്നുള്ള ചിന്ത .

**മാതൃകാചോദ്യങ്ങൾ**

1. മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ്
   പാടവും പീളയും മൂടിയ കണ്ണുകൾ
   - ഇവിടെ സൂചിപ്പിക്കുന്ന അമ്മയുടെ അവസ്ഥ.

   വാർദ്ധക്യം, യാത്ര, സ്നേഹം

   (സ്കോർ 1)
2. എങ്ങോട്ടുപോകുന്നുവെന്നു ചോദിച്ചില്ല.
   എന്തിനെന്നും....

- ഈ വരികളിൽ തെളിയുന്നത്.

മകനിലുള്ള വിശ്വാസം, അബോധാവസ്ഥ, സ്ഥലത്തേക്കുറിച്ചുള്ള അജ്ഞത

(സ്കോർ 1)

3. അന്നത്തെ സൂചിപ്രയോഗത്തിൽ നീറ്റൽ പോലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്.
   - അടിവരയിട്ട പ്രയോഗം സൂചിപ്പിക്കുന്നത്.

   കുറ്റബോധം, ആശ്വാസം, ശരീരവേദന

(സ്കോർ 1)

4. എങ്ങിനിക്കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി
   കെട്ടു കരിന്തിരിയാളും വരെയവർ
   - ഈ വരികൾ സൂചിപ്പിക്കുന്നത്?

- അമ്മ അവശയാണ്
- അമ്മയ്ക്ക് ബുദ്ധി ഉണ്ടായിരുന്നില്ല
- കരിന്തിരി തെളിഞ്ഞിട്ടുണ്ട്.

(സ്കോർ 1)

5 .പദം പിരിച്ചെഴുതുക.

ഏറെത്തണുക്കുന്നു.

കരിന്തിരി (സ്കോർ 1)

6.പദം വിഗ്രഹിക്കുക

പിഞ്ഞാണവർണം (സ്കോർ 1).

7. .അമ്മത്തൊട്ടിൽ എന്ന കവിതയ്ക്ക് ഏറ്റവും അനുയോജ്യമായ പ്രസ്താവന

- അമ്മയും മകനും തമ്മിലുള്ള അകൽച്ച വ്യക്തമാക്കുന്ന കവിത,
- വേരുകൾ മറന്നുപോയ വർത്തമാനകാലതലമുറയെക്കുറിച്ചുള്ള കവിത,
- മാതൃത്വത്തിന്റെ മഹത്വം വ്യക്തമാക്കുന്ന കവിത

(സ്കോർ 1)

8. ''പീളയടിഞ്ഞ് നിറം പോയ കണ്ണുക -ളെന്തേയടയ്ക്കാതെ വച്ചമ്മ നിർദ്ദയം''
   അടിവരയിട്ട പ്രയോഗം കാവ്യ സന്ദർഭത്തിന് നൽകുന്ന അർത്ഥവ്യാപ്തി
   വ്യക്തമാക്കുക? (സ്കോർ 2)

9.നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ

അടിവരയിട്ട പദത്തിന്റെ ഔചിത്യം കണ്ടെത്തുക.

- അമ്മയുടെ കൈകൾ ചോരയും നിരും വറ്റിയ അവസ്ഥയിൽ
- മകനെ വളർത്തിയ കൈകൾ (സ്കോർ 2)

10.ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ)

ഈ വരി നൽകുന്ന അർത്ഥ സൂചനയെന്ത്?

- ഉപഭോഗ സംസ്കാരത്തിന്റെ പ്രതീകം
- ആധുനിക കാലഘട്ടത്തെ നിയന്ത്രിക്കുന്ന സംസ്കാരം

(സ്കോർ 2)

11.ആരാണ് മുന്നിൽ, പുറത്തേക്കശാന്തനാ-യീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ?' മകന്റെ തീവ്രമായ കുറ്റബോധമാണോ ഈ വരികളിൽ തെളിയുന്നത്? സ്വാഭിപ്രായം വ്യക്തമാക്കുക ?

(സ്കോർ 4)

12.'ഏറെത്തണുക്കുന്നു,ചില്ലുയർത്തീടുമ്പോ- ളോർത്തു,കരിമ്പടം, അമ്മ വയറ്റത്തു പറ്റിക്കിടക്കുന്ന ചൂട്, ' ഏറ്റവും തീവ്രമായ അമ്മയോർമ്മകളെ 'കരിമ്പടം' എന്ന ബിംബത്തിലൂടെ കവി വ്യക്തമാക്കുകയാണ്. നിരീക്ഷണ കുറിപ്പ് തയാറാക്കുക.

(സ്കോർ 4)

13.അമ്മത്തൊട്ടിൽ എന്ന കവിതയിലെ മകൻ അമ്മയെ ഉപേക്ഷിക്കാൻ നടത്തുന്ന യാത്ര സ്വന്തം ജീവിതത്തിലൂടെ നടത്തുന്ന യാത്ര കൂടിയായി മാറുന്നുണ്ട്...ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം വ്യക്തമാക്കുക?

(സ്കോർ 4)

14.പണ്ട് പനിച്ചതും അമ്മയെടുത്തുകൊ
ണ്ടപ്പടിയോരോന്ന് കേറിക്കിതച്ചതും
അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽപോ
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്

പണ്ട് പനിച്ചു കിടന്ന കാലത്ത് ലഭിച്ച സൂചിപ്രയോഗത്തിന്റെ ഓർമ്മ മകന്റെ ഇന്നത്തെ മാനസികാവസ്ഥയ്ക്കെതിരെയുള്ള ഔഷധപ്രയോഗമായി മാറുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- ❖ അമ്മയെ ഉപേക്ഷിക്കാൻ ഒരുങ്ങുന്നു.
- ❖ സൂചിപ്രയോഗത്തിന്റെ ഓർമ്മ
- ❖ മനസ്സിലുണരുന്ന കുറ്റബോധം

(സ്കോർ 4)

15.പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ
രൂറ്റം കുരച്ചത് ചാടിക്കുതിക്കുന്നു.

സമകാലിക മനുഷ്യാവസ്ഥയോടുള്ള രോഷമാണോ ഈ വരികളിൽ തെളിയുന്നത്.

- വരികൾ വിശകലനം ചെയ്ത് ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കുക.
  - ❖ പെറ്റുകിടക്കുന്ന തെരുവു പട്ടി കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നു.
  - ❖ മാതൃത്വത്തിന്റെ മഹത്ത്വത്തെക്കുറിച്ച് ഓർമ്മ വരുന്നു.

(സ്കോർ 4)

16.ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ)
തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു

- പുതിയ കാലത്തിന്റെ എന്തൊക്കെ പ്രവണതകളണ് ഈ വരികളിൽ തെളിയുന്നത്?
  - ❖ ഉപഭോഗ സംസ്ക്കാരം
  - ❖ കാലത്തെ നിയന്ത്രിക്കുന്ന ലാഭക്കൊതി
  - ❖ ഉപയോഗിക്കുക വലിച്ചെറിയുക, എന്ന രീതി.

(സ്കോർ 4)

17. അമ്മത്തൊട്ടിൽ എന്ന കവിതയുടെ ആശയവും സമകാലിക സംഭവങ്ങളും ആസ്പദമാക്കി 'അവഗണിക്കപ്പെടുന്ന വാർദ്ധക്യം' എന്ന വിഷയത്തിൽ എഡിറ്റോറിയൽ തയ്യാറാക്കുക?

(സ്കോർ 6)

**യൂണിറ്റ് 2**

**നിലാവ് പെയ്യുന്ന നാട്ടുവഴികൾ**

അറിവിന്റെ നിലാവും ബന്ധങ്ങളുടെ ഇഴയടുപ്പവും ലാളിത്യവും കേരളീയതയുടെ പ്രത്യേകതകളാണ് .സമൂഹത്തിലെ ഇരുട്ടിനെ മാറ്റാനും മാനവികതയുടെ നിലാവ് പെയ്യിക്കാനും നമ്മുടെ മുൻഗാമികൾ ശ്രമിച്ചിട്ടുണ്ട് .അങ്ങനെ മാറ്റിത്തീർത്ത, നിലാവ് പെയ്യുന്ന നാട്ടുവഴികളിലൂടെ

.

- കൊച്ചു ചക്കരച്ചി
- ഓണമുറ്റത്ത്
- കോഴിയും കിഴവിയും
- ശ്രീനാരായണഗുരു

നാടായാലും കാടായാലും
കുഴിയായാലും കുന്നായാലും
നല്ലവർ പാർക്കുന്നെങ്കിൽ
നീയും നന്നേ, വാഴുക നിലമേ

പുറനാനൂറ് - ഔവയാർ.

ഈ വരികളുടെ പൊരുൾ കണ്ടെത്തുക.

**കൊച്ചുചക്കരച്ചി**

**എപി ഉദയഭാനു**

കെ പി ഉദയഭാനു രചിച്ച ആത്മകഥാപരമായ ഒരു ഉപന്യാസം ആണ് കൊച്ചു ചക്കരച്ചി. തന്റെ വീട്ടുപറമ്പിൽ ഉണ്ടായിരുന്ന കൊച്ചു ചക്കരച്ചി എന്ന മാവിനോട് ലേഖകനും കുടുംബത്തിനും ഉണ്ടായിരുന്ന ആത്മബന്ധമാണ് പാഠഭാഗം .ഒരു കുടുംബാംഗമായാണ് മാവിനെ പരിഗണിക്കുന്നത്. തലമുറകളുടെ കുടുംബ കഥ അറിയുന്ന വാത്സല്യനിധിയായ വൃദ്ധ മുത്തശ്ശിയായി മാവിനെ പരിഗണിക്കുന്നു. രോഗം വന്നപ്പോൾ അത് വീടിനു അപകടം വരുത്തി വയ്ക്കുമെന്ന് എല്ലാവരും പറഞ്ഞിട്ടും അതിനെ മുറിക്കാൻ അമ്മ സമ്മതിക്കുന്നില്ല കൊച്ചുചക്കരച്ചി ചതിക്കില്ല എന്നായിരുന്നു അമ്മയുടെ വിശ്വാസം ആ വിശ്വാസം കാത്തുസൂക്ഷിച്ചത് പോലെ വീടിന് ഒരു ആപത്തും വരുത്താതെയാണ് കൊച്ചുചക്കരച്ചി വീണത് . പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഇണക്കത്തിന്റെ മനോഹരമായ ചിത്രം ഈ പാഠഭാഗത്ത് കാണാം.

**പ്രവർത്തനം 1**

കൊതിയസമാജം കൂടിയിരുന്നത് ഞങ്ങളുടെ വക മുല്ലശ്ശേരിയിൽ പറമ്പിന്റെ അതിരിൽ നിന്ന ശർക്കര മാവിന്റെ കീഴിലായിരുന്നു. കഴിച്ചുകൂട്ടിയത് ' ബാല്യത്തിന്റെ എന്തെല്ലാം അനുഭവങ്ങളാണ് ലേഖകൻ ഇവിടെ പങ്കുവയ്ക്കുന്നത് ?

പറമ്പിന്റെ അതിരിൽനിന്ന ശർക്കര മാവിന്റെ കീഴിലാണ് കൊതിയസമാജം നടത്തിയിരുന്നത്

ചുള്ളിക്കമ്പുകൾ വിറകാക്കി ഉയർത്തിയ ഹോമാഗ്നി ഉണ്ടായിരുന്നു

**പ്രവർത്തനം 2**

കൊച്ചു ചക്കരച്ചി എന്ന മാവിനെ കുറിച്ച് പറയുമ്പോൾ ലേഖകൻ കണ്ടെത്തുന്ന മാനുഷിക ഭാവങ്ങൾ ഉപന്യാസത്തെ മനോഹരമാക്കുന്നുണ്ട്. വിശദമാക്കുക?

എത്രയോ തലമുറകൾ ആ വൃദ്ധ മുത്തശ്ശിയുടെ കാൽച്ചുവട്ടിൽ ഇരുന്നു മധുരം തിന്നു വളർന്നു നാവുണ്ടെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു


കൊച്ചു ചക്കരച്ചിനേരുള്ള മാവാണ് അവൾ ദോഷം വരുത്തുകയില്ല

**പ്രവർത്തനം 3**

മണ്ണും മനുഷ്യനും തമ്മിൽ ഉണ്ടായ കേവലമായ ബന്ധത്തിനപ്പുറം ഗാഢമായ ആത്മബന്ധം ആണ് കൊച്ചുചക്കരച്ചിയും അമ്മയും തമ്മിലുള്ളത്. കഥാസന്ദർഭങ്ങൾ കണ്ടെത്തി എഴുതുക ?
കൊച്ചു ചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്ത് വരുത്തുകയില്ല. എന്ന അമ്മയുടെ വാക്കുകൾ

**പ്രവർത്തനം 4**

പദസൂര്യൻ പൂർത്തിയാക്കുക. കൊച്ചുചക്കരച്ചിയുടെ മറ്റ് സവിശേഷതകൾ കൂടി കണ്ടെത്തുക.




**മാതൃകാചോദ്യങ്ങൾ**

1. "പത്ത് നാൽപ്പത്തഞ്ച് കൊല്ലങ്ങൾക്കപ്പുറത്ത് നിന്ന് അതിന്റെ സ്വാദ് നാക്കിന്റെ അറ്റത്ത് വന്ന് നിറയുന്നു".
   നാക്കിന്റെ അറ്റത്ത് വന്ന് നിറയുന്നത്.
   മാമ്പഴക്കാലം, വിദ്യാലയസ്മരണ, യൗവനകാലം

2. **വിഗ്രഹാർത്ഥം കണ്ടെത്തുക.**
   മന്ത്രതന്ത്രങ്ങൾ
   കൊതിയസമാജം

3. **പിരിച്ചെഴുതുക.**
   ചുള്ളിക്കമ്പ്

(സ്കോർ 1)

4.ലഘു വാക്യങ്ങളാക്കുക
ഞങ്ങൾ തറവാട്ടു വീട്ടിൽ താമസം ആക്കിയതിനു ശേഷം പണത്തിന്റെ മുട്ടുകൊണ്ട് ഒന്ന് രണ്ടു പ്രാവശ്യം കൊച്ചു ചക്കരച്ചയിലെ മാങ്ങ വിൽക്കാൻ അമ്മ ശ്രമിച്ചിട്ടുണ്ട്.

5..ഇന്നു 'മാങ്ങമരം' കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ 'അപരിഷ്കൃത മട്ടുകൾ' അവർ അറിയാനിടയില്ല.
ഇന്നത്തെ തലമുറയ്ക്ക് അപരിഷ്കൃതമട്ടായി തോന്നുന്നതെന്തെല്ലാം?

- ❖ മാവിൻചോട്ടിലെ കളികൾ
- ❖ പ്രകൃതിയോടിണങ്ങിയ രീതികൾ

6.വേണ്ടപ്പെട്ടവർ ആരോ ഒക്കെ ഇടപെട്ട് ആ അത്യാഹിതം തടഞ്ഞു.

- ഇവിടെ സൂചിപ്പിക്കുന്ന അത്യാഹിതം എന്ത്?
  - ❖ മാവിനെ മുറിക്കാനൊരുങ്ങുന്നത്,
  - ❖ മാനുഷിക പരിഗണന

7.കൊച്ചു ചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തു വരുത്തുകയില്ല.

- ഇവിടെ തെളിയുന്ന അമ്മയുടെ മനോഭാവം.
  - ❖ മാവിലുള്ള വിശ്വാസം
  - ❖ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം (സ്കോർ 2)

8. ‘‘കൊച്ചുചക്കരച്ചിയുടെ മകൾ എന്ന നിലയിൽ അമ്മ വാത്സല്യത്തോടെ വളർത്തി. ഈ ആണ്ടിൽ അത് കായ്ച്ചു. അവൾ പുളിച്ചിയാണ്’’

– കൊച്ചുചക്കരച്ചിക്ക് കിട്ടിയ പരിഗണനയും കരുതലും പുതുതലമുറയിൽ നിന്ന് പ്രതീക്ഷിക്കാമോ? വിമർശനാത്മകമായി വിലയിരുത്തുക?

(സ്കോർ 4)

9.കവികളായവരെല്ലാം നാട്ടിൻപുറത്തെ ഏതെങ്കിലും കൊതിയ സമാജത്തിൽ അംഗങ്ങളായിരിരുന്നിരിക്കണം.

- ലേഖകൻ ഇങ്ങനെ പറയാൻ കാരണമെന്ത്?

  - ❖ മാവ് മലയാളത്തിന്റെ പ്രിയ വൃക്ഷം
  - ❖ പഴയ ജീവിതശൈലി
  - ❖ ബാല്യവും മാവും തമ്മിലുള്ള ഇണക്കം
  - ❖ മലയാള കവിതയിൽ മാവിനുള്ള പ്രാധാന്യം

(സ്കോർ 4)

10.‘‘സ്വയം ചത്തും മാവിനെ കാത്തു രക്ഷിച്ചു പോന്ന നീറുകൾ എന്ന ചാവേറ്റുപട കൊച്ചു ചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെയെല്ലാം തോൽപ്പിച്ച് ഓടിച്ചു കളഞ്ഞു’’.

സംരക്ഷണത്തിന്റെ പ്രകൃതിപാഠമാണ് ഇവിടെ ദൃശ്യമാവുന്നത്.അഭിപ്രായം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

(സ്കോർ 4)

11. ‘‘നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു.

- മാവിൽ ആരോപിക്കപ്പെടുന്ന മനുഷ്യഭാവങ്ങളാണ് പാഠഭാഗത്തെ ഹൃദ്യമാക്കുന്നത്.
- പ്രതികരണം വ്യക്തമാക്കുക.

  - ❖ മാവിനെ കുടുംബാംഗമായി പരിഗണിക്കുന്നു.
  - ❖ സന്ദർഭങ്ങൾ, ഉദാഹരണങ്ങൾ
  - ❖ ഹൃദയസ്പർശിയായ അവതരണം

(സ്കോർ 4)

12. പ്രകൃതിയോട് ഇണങ്ങിയ ജീവിതശൈലി സ്വീകരിക്കുക എന്നതാണ് ആധുനിക സമൂഹം നേരിടുന്ന പല പ്രശ്നങ്ങൾക്കുമുള്ള പരിഹാരം. പാഠഭാഗത്തെ ആശയങ്ങൾ പരിഗണിച്ച് പ്രഭാഷണം തയ്യാറാക്കുക.

- ആധുനിക സമൂഹം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ
- പ്രകൃതിയോടിണങ്ങിയ മുൻതലമുറയുടെ ജീവിത ശൈലി
- മാവും കുടുംബവും തമ്മിലുള്ള പാരസ്പര്യം.

(സ്കോർ 4)

**ഓണമുറ്റത്ത്**

വൈലോപ്പിള്ളി ശ്രീധരമേനോൻ എഴുതിയ കവിതയാണ്, ഓണമുറ്റത്ത്. ഓണം മലയാളിയുടെ ഹൃദയ വികാരമാണ്.ആ നാളുകളെക്കുറിച്ചുള്ള മധുരമായ ഓർമ്മയും ഒപ്പം നല്ല നാളുകൾ തിരിച്ചെടുക്കാനാവും എന്ന പ്രതീക്ഷയുമാണത്. പുതിയകാലം എന്തൊക്കെ മാറ്റങ്ങൾ സ്വീകരിച്ചാലും മണ്ണിന്റെയും മനസ്സിന്റെയും ഈ സ്വപ്നങ്ങൾ ഉയർത്തെഴുന്നേൽക്കുക തന്നെ ചെയ്യും എന്ന് കവി വിശ്വസിക്കുന്നു. ഈ അഭിമാനം തന്റെ കവിതകളിലൂടെ പ്രകടിപ്പിക്കുമെന്ന് കവി ഉറപ്പിച്ചു പറയുന്നു. വേദനകൾ സഹിച്ചും ദോഷങ്ങൾ മാറ്റാൻ പാട്ടുകളിലൂടെ ശ്രമിക്കുന്ന പുള്ളുവന്റെ മനസ്സാണ് കവിക്ക്. കേരളീയ പ്രകൃതിയുടെ അതിമനോഹരമായ ചിത്രങ്ങളും ഗ്രാമീണ ബിംബങ്ങളും കൊണ്ട് സമൃദ്ധമാണ് ഈ കവിത. ഓണം മലയാളിയുടെ സാംസ്കാരിക ത്തനിമ എന്ന വസ്തുത അനുഭവവേദ്യമാക്കാൻ ഈ കവിതയ്ക്ക് കഴിയുന്നു.

**പ്രവർത്തനം 1**

'ഏതുമുറങ്ങാതെമ്പാടും വയ
ലേലകൾ തോറും നടുവിൽ പൊൽക്കിഴി-
യെരിയും വെള്ളിത്താലമെടുത്തു നി -
രന്നു ലസിപ്പൂ നെയ്യാമ്പലുകൾ' ഈ പ്രകൃതി വർണ്ണനയുടെ
ഔചിത്യം കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക?

- തനിമയാർന്ന ഗ്രാമീണ ദൃശ്യം,
- രാത്രി വിടർന്ന ആമ്പൽ
- പ്രിയങ്കരനായ അതിഥിയെ കാത്തുനിൽക്കുന്നു.
- താലം പിടിച്ച പോലെ വിടർന്നു നിൽക്കുന്നു.
- നിലാവിന്റെ ഭംഗി.

**മാതൃകാചോദ്യങ്ങൾ**

1. പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു
   പാട്ടാണെന്ന് പഴിക്കാമിന്നു.........
   
   —ഈ വരികൾ നൽകുന്ന സൂചന.
   - നാടോടിപ്പാട്ടുകളെക്കുറിച്ച് പുതുതലമുറയുടെ കാഴ്ചപ്പാട്
   - നാടോടിപ്പാട്ടുകളുടെ പഴക്കം
   - നാടോടിപ്പാട്ടുകളുടെ മനോഹാരിത
   - നാടോടിപ്പാട്ടുകൾ ശ്രുതിമധുരമുള്ളതല്ല.
2. നല്ലതിഥി നമുക്കിനിയാരിതുപോലെ?
   
   —നല്ലതിഥി എന്നു വിശേഷിപ്പിക്കുന്നതാരെ?

- മുക്കുറ്റിയെ
- ആമ്പൽപ്പൂക്കളെ
- ഉഷസ്സിനെ
- മഹാബലിയെ

3. നീളും മലയുടെ ചങ്ങലവട്ടയിൽ
   നാളം പാടലവിരലാൽ നീട്ടിയും–
   –മലകളാകുന്ന ചങ്ങലവട്ടയിൽ തെളിയുന്ന ദീപനാളമായി വർണ്ണിച്ചിരിക്കുന്നത്?
   - സൂര്യനെ
   - നിലാവിനെ
   - മുക്കുറ്റിയെ
   - നക്ഷത്രങ്ങളെ
4. ഏതുമുറങ്ങുതെമ്പാടും വയ–
   ലേലകൾതോറും നടുവിൽ പൊൽക്കിഴി–
   യെരിയും വെള്ളിത്താലമെടുത്തു നി–
   രന്നു ലസിപ്പൂ നെയ്യാമ്പലുകൾ
   മഹാബലിയെ വരവേൽക്കാൻ വെള്ളിത്താലമെടുത്ത് കാത്ത് നിൽക്കുന്നത്?
   - കന്യകമാർ
   - ആമ്പൽപ്പൂക്കൾ
   - വയലേലകൾ
   - തുമ്പപ്പൂക്കൾ

5. മഞ്ഞാലീറനുടുത്തൊരു <u>പാവനഭാവം.</u>
അടിവരയിട്ട പദം വിഗ്രഹിച്ചാൽ
- പാവനവും ഭാവവും
- പാവനം കൊണ്ടുള്ള ഭാവം
- പാവനമായ ഭാവം
- പാവനത്തിന്റെ ഭാവം.

(സ്കോർ 1)

6.മലർക്കളമെഴുതിക്കാത്തോരരചനെ–
മലർക്കളമെഴുതി കാത്തത് എന്തിനാവാം?
- നന്മകൾ വീണ്ടെടുക്കാൻ
- സ്വപ്നങ്ങൾ സഫലമാവാൻ

7.ഈ മലനാട്ടിൻ വായുവിലുണ്ടൊരു
<u>മധുരോദാരവികാരം</u>
അടിവരയിട്ട വിശേഷണത്തിന്റെ അർത്ഥസാധ്യതകൾ എഴുതുക.
- ഓണം വെറുമൊരു ഉത്സവമല്ല
- മലയാളിയുടെ ഹൃദയവികാരമാണ് ഓണം

8.പഴയൊരു പുള്ളുവനാണല്ലോ ഞാൻ
–കവി തന്നെ സ്വയം പുള്ളുവനായി വിശേഷിപ്പിക്കുന്നതിന്റെ ഔചിത്യം കണ്ടെത്തുക?
- പുള്ളുവൻ ദോഷങ്ങൾ പാട്ടിലൂടെ അകറ്റാൻ ശ്രമിക്കുന്നു. കവി കവിതയിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നു.
- സാധാരണ ജനതയുടെ പ്രതീകമാണ്. പുള്ളവൻ കവിയും അങ്ങനെ തന്നെയാണ്.

9.ഇവരറിയുന്നീലെന്നഭിമാനം –

–ഈ വരി നൽകുന്ന അർത്ഥ സൂചനകൾ എന്തെല്ലാം?

- ഓണത്തെക്കുറിച്ച് പാടുന്നതിൽ കവി അഭിമാനിക്കുന്നു.
- പുതിയ തലമുറയുടെ മനോഭാവം

(സ്കോർ 2)

10.പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു

പാട്ടാണെന്ന് പഴിക്കാമിന്നു പ–
രിഷ്ക്കാരത്തിൻ തിണ്ണയിലുള്ളവർ

–നഷ്ടപ്പെടുന്ന നാടോടി സംസ്ക്കാരത്തെക്കുറിച്ചുള്ള കവിയുടെ ദു:ഖം ഓണമുറ്റത്ത് എന്ന കവിതയിൽ പ്രകടമാണോ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- നാടോടി സംസ്ക്കാരത്തോടുള്ള പുതിയ തലമുറയുടെ മനോഭാവം
- കവിക്ക് പലപ്പോഴും അവഗണന നേരിടേണ്ടി വരുന്നു.

11.നീളും മലയുടെ ചങ്ങലവട്ടയിൽ

നാളം പാടലവിരലാൽ നീട്ടിയു–
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ

വരികളിൽ തെളിയുന്ന കാവ്യപരമായ സവിശേഷതകൾ വ്യക്തമാക്കുക.

12.'കൊച്ചു കിനാവുകൾ തേടിയലഞ്ഞു

മലർക്കളമെഴുതിക്കാത്തോരരചനെ' 'ഈ വരി നൽകുന്ന സൂചനകൾ എന്തൊക്കെ?

13.'മനുഷ്യനും പ്രകൃതിയും ഒന്നിക്കുന്ന മധുരോദാര വികാരമായി ഓണം മാറുന്നതിന്റെ സുന്ദരമായ ആവിഷ്കാരമാണ് ഓണമുറ്റത്ത് എന്ന കവിത.'. വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

14. മഹത്തായ കാവ്യപാരമ്പര്യത്തിന്റെ കണ്ണിയാണ് താനെന്ന് അഭിമാനിക്കുന്ന കവിയെ ഓണമുറ്റത്ത് എന്ന കവിതയിൽ കാണാം. ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

15.വാങ്മയ ചിത്രത്തിന്റെ ഭംഗി വിശകലനം ചെയ്യുക?

കാലേ രാവു നിറന്ന നിലാവാൽ
കമുകിൻപൂവരിതൂകി, ത്തൂമയി–
ലെതിരേറ്റങ്ങനെ നിൽക്കും വഴിയേ–
യെഴുന്നള്ളുകയായോണത്തപ്പൻ

- വരികളുടെ ആശയം
- നിറനിലാവിൽ തെളിയുന്ന കവുങ്ങുകളുടെ ഭംഗി
- കേരളീയ പ്രകൃതിയുടെ ഹൃദ്യമായ ആവിഷ്ക്കാരം

(സ്കോർ 4)

16.പാവം തുമ്പകൾ മലരിൽ കൂട നിറച്ചു.....

ദീപക്കുറ്റികൾ നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ

വെള്ളിത്താലമെടുത്തു നിരന്നു ലസിപ്പൂ നെയ്യാമ്പലുകൾ

കവിയെ പ്രചോദിപ്പിച്ച ഈ ഗ്രാമീണ ചിത്രങ്ങളുടെ ഭംഗി വിശകലനം ചെയ്യുക.

ഇവയ്ക്ക് കവിതയുടെ ഭാവതലവുമായുള്ള ബന്ധമെന്ത്? കുറിപ്പ് തയ്യാറാക്കുക.

- ഗ്രാമീണ ചിത്രങ്ങൾ അവതരിപ്പിച്ചിരിക്കുന്നതിന്റെ സവിശേഷതകൾ കണ്ടെത്തുക.
- കേരളീയ ഗ്രാമീണതയുടെ വശ്യമായ കാഴ്ച
- ഓണം കേരളീയ പ്രകൃതിയുടേയും മനുഷ്യന്റേയും മധുരോദാര വികാരമാവുന്നു.

17.ഇവരറിയുന്നീലെന്നഭിമാനം—

—കവിയുടെ അഭിമാനം എന്തിലാണ്? ഈ വരികളിൽ തെളിയുന്ന മനോവികാരം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- ❖ കേരളീയ സാംസ്ക്കാരിക പാരമ്പര്യത്തിലും തനിമയിലും അഭിമാനം
- ❖ ഓണം മുന്നോട്ട് വയ്ക്കുന്ന സ്വപ്നങ്ങളും പ്രതീക്ഷകളും കവിയിൽ നിറഞ്ഞു തുളുമ്പുന്നു.
- ❖ എന്തൊക്കെ അവഗണനകൾ നേരിട്ടാലും നാടിന്റെ നന്മയും മൂല്യങ്ങളും ഉയർത്തിപ്പിടിക്കുക തന്നെ ചെയ്യും.

(സ്കോർ 6)

## കോഴിയും കിഴവിയും

മലയാളത്തിലെ ആദ്യകാല ചെറുകഥാകൃത്തുക്കളിൽ പ്രമുഖനാണ് കാരൂർ നീലകണ്ഠപ്പിള്ള. കോഴിയും കിഴവിയും എന്നത് അദ്ദേഹത്തിന്റെ സുന്ദരമായ ഒരു കഥയാണ്. അയൽപക്ക ബന്ധങ്ങളുടെ ഊഷ്മളതയും അതിൽ പണം വരുത്തുന്ന വിള്ളലുകളും രസകരമായി ആവിഷ്കരിക്കുന്നു ഈ കഥയിൽ. മർക്കോസ്, മത്തായി, മത്തായിയുടെ അമ്മ എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ. മത്തായിയുടെ കോഴി മർക്കോസിന്റെ മകന്റെ ഏറുകൊണ്ട് ചത്തുപോയി. മത്തായി ഈ അവസരം മുതലെടുത്ത് മർക്കോസിനെ അറസ്റ്റ് ചെയ്യിക്കുന്നു. എന്നാൽ മത്തായിയുടെ അമ്മ മർക്കോസിനോട് സത്യം തുറന്നു പറയുന്നു. അങ്ങനെ അപ്രതീക്ഷിതമായ ഒരു അന്ത്യമാണ് ഈ കഥയിൽ ഉള്ളത്

**പ്രവർത്തനം 1**

'അതിന്റെ ജീവൻ പോകുന്നത് കാണുമ്പോൾ കണ്ണുനിറയാത്തത് കണ്ണിൽ കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതുകൊണ്ടാണ്.'ഈ വാക്യത്തിലൂടെ കഥാകൃത്ത് വ്യക്തമാക്കുന്നത് എന്താണ്?

- വളർത്തിയ കോഴിയെ കൊല്ലുമ്പോഴുള്ള പ്രയാസം
- എന്നാൽ തിന്നുമ്പോഴുള്ള രുചി ആ പ്രയാസം മാറ്റും
- മറ്റുള്ളവരുടെ വേദന കാണാതെ സ്വന്തം സുഖങ്ങളിൽ മാത്രം മുങ്ങി ജീവിക്കുന്ന അവസ്ഥ

**പ്രവർത്തനം 2**

'എന്നിട്ടും കാര്യം അവസാനിച്ചില്ല. ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു. ആ രാത്രി അത് മത്തായിയുടെ തലച്ചോറിനകത്ത് ചികയുകയും മാന്തുകയും കൊത്തിപ്പിറുക്കുകയും ചെയ്തു. '

കഥയിൽ ഒരു പ്രധാന കഥാപാത്രമായി കോഴി എങ്ങനെയാണ് മാറുന്നത്? വിശദമാക്കുക .

കോഴിയെ കൊന്ന സംഭവമാണ് കഥാഗതിയെ നിയന്ത്രിക്കുന്നത്.
മത്തായിക്ക് മർക്കോസിനോടുള്ള വിദ്വേഷം തീർക്കാൻ കോഴിയെ ഉപയോഗപ്പെടുത്തി.

**പ്രവർത്തനം 3**

ഉണ്ട ചോറ് മറക്കരുത് എന്ന പഴഞ്ചൊല്ലിന്റെ ആശയം കോഴിയും കിഴവിയും എന്ന കഥയുമായി ബന്ധിപ്പിച്ച് വ്യാഖ്യാനിക്കുക.

- പഴഞ്ചൊല്ലിന്റെ ആശയം കണ്ടെത്തുന്നു
- ആശയത്തിന് യോജിക്കുന്ന കഥാസന്ദർഭം കണ്ടെത്തുന്നു.

**മാതൃകാചോദ്യങ്ങൾ**

1.വിഗ്രഹിച്ച് എഴുതുക
കോഴിക്കുഞ്ഞുങ്ങൾ - - -.........
മൺകലം ..............

2. പിരിച്ചെഴുതുക
പരോപകാരം

3.'മർക്കോസ് പിടിക്കുന്ന ഭാഗത്തിൻറെ എതിര് പിടിക്കുക മത്തായിയുടെ വ്രതമായി . '
എതിര് പിടിക്കുക എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത്

- എല്ലാറ്റിനെയും എതിർക്കുക
- ഭാഗികമായി എതിർക്കുക
- ചില കാര്യങ്ങളിൽ യോജിക്കുക

(സ്കോർ 1)

4. മുകളിൽ നിന്ന് കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്ന് മേലോട്ട് വളരുന്ന മത്തായിയും അയൽക്കാരായി പാർത്തു.

5.മത്തായിയുടെയും മർക്കോസിന്റെയും ജീവിത സാഹചര്യത്തെക്കുറിച്ച് ഈ വാക്യം നൽകുന്ന സൂചനകൾ എന്തെല്ലാം ?

മത്തായിയുടെ വീട്ടിൽ സകലവായും അടച്ചുപൂട്ടി മുദ്ര വെച്ചിരിക്കുകയാണ്.
പ്രയോഗം നൽകുന്ന രണ്ട് സൂചനകൾ വ്യക്തമാക്കുക.

6.അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴികൂകിയപ്പോൾ ചത്തകോഴി, ദഹിച്ചു പക്വാശയ ത്തിലെത്തിയ കോഴി മത്തായി മാർഗേണ കൂകി: നോക്കിക്കോ
അടിവരയിട്ട പദത്തിന് കഥാസന്ദർഭത്തിൽ ലഭിക്കുന്ന അർഥ സാധ്യതകൾ എന്തെല്ലാം?

7.''അവർ അന്നു സുഖമായി അത്താഴം കഴിച്ചു. അല്പം താമസിച്ചെന്നു മാത്രം''. കഥാ സന്ദർഭ ത്തിൽ സൂചിതമാകുന്ന സംഭവങ്ങൾ കണ്ടെത്തിയെഴുതുക.

8.കാറ്റുമാറി വീശി, മർക്കോസ് ക്ഷീണിച്ചപ്പോൾ മത്തായി സഹായിച്ചു തുടങ്ങി. ഈ പ്രയോഗങ്ങ ളിൽ നിന്നു ലഭിക്കുന്ന സൂചനയെന്ത്?

9.അർഥ വ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.

- അയൽവീട്ടുകാരെപ്പറ്റി എന്തെങ്കിലും ആക്ഷേപം പറയാതെ കിടന്നാൽ മത്തായിക്ക് ഉറക്കം വരുകയില്ല. അയാളുടെ ഭാര്യയ്ക്കും അങ്ങനെ തന്നെ.

..........................................................

- ഇപ്പോൾ മത്തായിയുടെ പറമ്പിൽ ഒരു പേരയുണ്ട്.
  മുമ്പ് അതു മർക്കോസിന്റെ പറമ്പിലായിരുന്നു.

..........................................................

10.മുകളിൽ നിന്ന് കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്ന് മേലോട്ട് വളരുന്ന മത്തായിയും അയൽക്കാരായി പാർത്തു.

മത്തായിയുടെയും മർക്കോസിന്റെയും ജീവിത സാഹചര്യത്തെക്കുറിച്ച് ഈ വാക്യം നൽകുന്ന സൂചനകൾ എന്തെല്ലാം ?

മത്തായിയുടെ വീട്ടിൽ സകലവായും അടച്ചുപൂട്ടി മുദ്ര വെച്ചിരിക്കുകയാണ്.

പ്രയോഗം നൽകുന്ന രണ്ട് സൂചനകൾ വ്യക്തമാക്കുക.

(സ്കോർ 2)

12..അയൽപക്ക കുടുംബങ്ങൾ തമ്മിലുള്ള കലഹങ്ങൾക്കും അപ്പുറം സമ്പത്തിന്റെയും മൂല്യങ്ങളുടെയും സംഘർഷമാണ് കോഴിയും കിഴവിയും- ഈ പ്രസ്താവനയോട് പ്രതികരിക്കുക.

13.“ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവ്വതം പൊട്ടാറായി നിൽക്കുകയാണ്. അതു താമസിയാതെ പൊട്ടും.അതിൽ രണ്ടു കുടുംബങ്ങളും തകർന്നെന്നു വരാം. അതിലാർക്കും വിരോധമില്ല. തന്റെ കൂടെ മറ്റവരും തകർന്നാൽ മതി”.

—കഥാസന്ദർഭത്തിലെ മനോഭാവം വർത്തമാനകാല സമൂഹത്തിലും നിലനിൽക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

14. നീ കരഞ്ഞതു കൊണ്ടു ഞാൻ തിന്നാതെ വച്ചിരുന്നതാ ഇത്. നീ തിന്നാലേ ഞാനും തിന്നു കൊള്ളൂ/അവളുടെ മുഖം തെളിഞ്ഞു. അവൾ പേരയ്ക്കാ രണ്ടും വാങ്ങി. എന്നിട്ടു പുഞ്ചിരിയോടെ ഒന്ന് അവനു നീട്ടി.

— കഥയിലെ കുട്ടികളിൽ നിന്നു മുതിർന്നവർക്കു ലഭിക്കുന്ന ജീവിത സന്ദേശം കണ്ടെത്തി വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

(സ്കോർ 4)

15.'ഈ വേലിക്കകത്ത് കാലെടുത്ത് കുത്തിയത് മുതലാ പഷ്ണി ഒഴിഞ്ഞത് '

മുകളിൽ നൽകിയ സൂചനകളുടെയും പാഠസന്ദർഭത്തിന്റെയും സഹായത്താൽ മത്തായിയുടെ അമ്മ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക

16.‘നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറമാണ് കരൂർ കഥകളുടെ പശ്ചാത്തലം’

— ഈ പ്രസ്താവന ‘കോഴിയും കിഴവിയും’ എന്ന കഥയ്ക്ക് എത്രത്തോളം ഇണങ്ങുന്നുണ്ട്? പരിശോധിച്ച് കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

(സ്കോർ 6)

**ശ്രീനാരായണഗുരു**

കുറ്റിപ്പുഴ കൃഷ്ണപിള്ള എഴുതിയ ലേഖനമാണ് ശ്രീനാരായണഗുരു. കേരളത്തിലെ നവോത്ഥാന നായകനാണ് ഗുരു.നാരായണ സന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നത് ഇന്നത്തെ ഒരു ആവശ്യമാകുന്നു.മറ്റ്

സന്യാസിമാരിൽ നിന്ന് വ്യത്യസ്തനാണ് ഗുരു. അദ്ദേഹം തപസ്സിലൂടെ നേടിയ അറിവ് സമൂഹത്തിന്റെ ഉന്നമനത്തിനായി വിനിയോഗിച്ചു. അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഇരുട്ടിൽ കഴിഞ്ഞിരുന്ന ജനങ്ങളെ അവകാശബോധമുള്ള മനുഷ്യരാക്കി ജാതിപിശാചിനെ ഇല്ലായ്മ ചെയ്ത് കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏക ഗുരുനാഥൻ എന്ന വിശേഷണത്തിന് അദ്ദേഹം അർഹനാണ് .ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്, മതമേതായാലും മനുഷ്യൻ നന്നായാൽ മതി തുടങ്ങിയ സന്ദേശങ്ങളിലൂടെ മതമല്ല മനുഷ്യനന്മയാണ് പ്രധാനം എന്ന് അദ്ദേഹം പറഞ്ഞു .ഗുരുവിന്റെ ആശയങ്ങളും പ്രവർത്തനങ്ങളും ഭാവിതലമുറയ്ക്ക് പ്രചോദനമാണ് എന്ന പ്രതീക്ഷയിലാണ് ലേഖനം അവസാനിക്കുന്നത്.

**പ്രവർത്തനം 1**

സന്യാസിമാർക്ക് മാതൃകയാണ് ശ്രീനാരായണഗുരു.വിശദീകരിക്കുക.

- ശ്രീനാരായണഗുരു ആത്മീയതയ്ക്കും ഭൗതികതയ്ക്കും തുല്യ പ്രാധാന്യം നൽകി.
- തപസ്സ് സമൂഹോന്നമനത്തിനായി വിനിയോഗിച്ചു .
- ബഹുലക്ഷം ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ പ്രകാശം പരത്തി.
- ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു.
- സാധാരണക്കാർക്കിടയിൽ പ്രവർത്തിച്ചു.

**പ്രവർത്തനം 2**

- ശ്രീനാരായണഗുരുവിന്റെ പ്രധാന സന്ദേശങ്ങൾ കണ്ടെത്തുക.
- ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
- മതമേതായാലും മനുഷ്യൻ നന്നായാൽ മതി

**മാതൃകാചോദ്യങ്ങൾ**

1. സമൂഹോന്നമനം എന്ന പദത്തിന്റെ ശരിയായ വിഗ്രഹ രൂപം

- സമൂഹത്തിന്റെ ഉന്നമനം
- സമൂഹവും ഉന്നമനവും
- ഉന്നമനമുള്ള സമൂഹം

2..'മതമേതായാലും മനുഷ്യൻ നന്നായാൽ മതി ’എന്ന ഗുരുവാക്യത്തിൽ പ്രാധാന്യം നൽകുന്നത്

- മതത്തിന്
- മനുഷ്യ നന്മയ്ക്ക്
- ദൈവത്തിന്

3.മോക്ഷം എന്നതു കൊണ്ട് ശ്രീനാരായണഗുരു ലക്ഷ്യമാക്കിയത് എന്ത്?

- സമൂഹത്തിന്റെ ആകെയുള്ള ഉന്നമനം
- വ്യക്തിയെ മാത്രം ലക്ഷ്യംവെക്കുന്ന ഒന്ന്
- വ്യക്തിയെയും സമൂഹത്തെയും ലക്ഷ്യം വെക്കാത്തത്
- സന്ന്യാസത്തെ മാത്രം ലക്ഷ്യം വയ്ക്കുന്നത്.
-

4.ശ്രീനാരായണ ഗുരുവിന്റെ ജീവിതവുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?

- അധ:കൃത വർഗ്ഗോദ്ധാരകൻ
- മതാതീതനായ തത്ത്വജ്ഞാനി

- കർമ്മജ്ഞാനങ്ങളെ സമന്വയിപ്പിച്ച പ്രായോഗിക വേദാന്തി
- സ്വമോക്ഷത്തിനു വേണ്ടി യത്നിച്ച യതിവര്യൻ.

(സ്കോർ 1)

5. ഗുരു ബഹുലക്ഷം ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി.
പഴയകാല കേരളീയ സമൂഹത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ വാക്യത്തിൽ തെളിയുന്നത്?

6.''ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏക ഗുരുനാഥൻ''

—ഗുരുവിനെ ലേഖകൻ ഇങ്ങനെ വിലയിരുത്തുന്നതിന്റെ രണ്ടു കാരണങ്ങൾ എഴുതുക.

(സ്കോർ 2)

7. ശ്രീനാരായണ സന്ദേശങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

8. ''പലമതസാരവുമേകമെന്നു പാരാ—
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ—
രലയുവതോർത്തലയാതിരുന്നിടേണം''

***—ആത്മോപദേശ ശതകം***

—ഈ ഉപദേശം മതഭേദങ്ങളെ പരിഹസിക്കുന്നതു കൂടിയായിത്തീരുന്നുണ്ടോ? സ്വാഭിപ്രായം സമർത്ഥിക്കുക.

9.'ശ്രീനാരായണ സന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നത് ഇന്നത്തെ ഒരാവശ്യമാകുന്നു'.

-, ലേഖകന്റെ അഭിപ്രായത്തെ വിലയിരുത്തി ലഘുകുറിപ്പ് തയ്യാറാക്കുക.

10.പ്രവഞ്ചത്തിന്റെ മിഥ്യത്വത്തിൽ ഭ്രമിച്ച് കർമ്മവിമുഖരായി അലസജീവിതം നയിക്കുന്ന ഇന്ത്യൻ സന്ന്യാസിമാർക്ക് ശ്രീനാരായണന്റെ സേവനസമർപ്പിതമായ ജീവിതം മഹത്തായ ഒരു മാതൃകയാവേണ്ടതാണ്.

—ഇതര സന്ന്യാസിമാരിൽ നിന്നും വ്യത്യസ്തമായി ശ്രീനാരായണ ഗുരുവിൽ ലേഖകൻ കാണുന്ന പ്രത്യേകതകൾ എന്തെല്ലാം? ലഘുകുറിപ്പ് തയ്യാറാക്കുക.

11.ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന ശ്രീനാരാണ സന്ദേശം എക്കാലത്തും ഏതു രാജ്യത്തും വിലമതിക്കുന്നതും ഏതു സമുദായത്തിന്റെയും സാംസ്കാ രിക വികസനത്തിന് അത്യന്തം ഉപകരിക്കുന്നതുമായ വിശിഷ്ടാശയമാണ്.

—കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

12. ''മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി''

***— ശ്രീനാരായണ ഗുരു***

''വാസ്തവത്തിൽ മതാതീതനായ ഒരു തത്ത്വജ്ഞാനിയായിരുന്നു അദ്ദേഹം''

***—കുറ്റിപ്പുഴ കൃഷ്ണപിള്ള***

—കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ നിരീക്ഷണത്തിന്റെ പൊരുൾ ശ്രീനാരായണ ഗുരുവിന്റെ സന്ദേശം മുൻനിർത്തി വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

13.“ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്”

*—ശ്രീനാരായണഗുരു*

‘ഏകലോകമെന്ന ആശയത്തിന്റെ ഒരു മുദ്രാവാക്യമായി പ്രസ്തുത സന്ദേശത്തെ പരിഗണിക്കാം’.

—ശ്രീനാരാണയഗുരുവിന്റെ സന്ദേശം മുൻനിർത്തി കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ നിരീക്ഷണത്തിന്റെ പൊരുൾ വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

(സ്കോർ 4)

14.ശ്രീനാരായണഗുരു സന്ദേശങ്ങളുടെ സമകാലിക പ്രസക്തി എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക

15.സഹസ്രാബ്ദങ്ങളായി നിലനിന്നു പോന്ന മൂഢാചാര പാരമ്പര്യത്തെയും അന്ധവിശ്വാസങ്ങളെയും ധീരതയോടെ ധ്വംസിച്ച് സാമൂഹിക ജീവിതത്തിൽ വിപ്ലവം സൃഷ്ടിച്ച ഉൽപ്പതിഷ്ണു ആയിരുന്നു ശ്രീനാരായണഗുരു.

ഗുരു മുന്നോട്ടുവച്ച ദർശനങ്ങളിൽ നിന്ന് കേരളീയ സമൂഹം പിന്നോട്ട് പോകുന്നുണ്ടോ? സമകാലീന സാമൂഹ്യാവസ്ഥ വിലയിരുത്തി ലഘു പ്രഭാഷണം തയ്യാറാക്കുക. (സ്കോർ 6)

## യൂണിറ്റ് 3
## വാക്കുകൾ വിടരുന്ന ചില്ലകൾ

വാക്കുകൾ സൃഷ്ടിക്കുന്ന വൈകാരിക ലോകം വളരെ വലുതാണ്.മനസ്സുകളിൽ കുളിർമഴയായും നിലാവെളിച്ചമായും ഇളംതെന്നലായും ചിലപ്പോൾ വാക്കുകൾ മാറുന്നു.പുതിയൊരു ലോകം തന്നെ തുറന്നിടുന്നു.വാക്കുകളുടെ ശക്തി അനിർവചനീയമാണ്.സമൂഹത്തിലെ നന്മതിന്മകളോട് പ്രതികരിക്കാൻ ഭാഷയാകുന്ന ആയുധം ഉപയോഗിക്കാൻ കഴിയണം.

‘ നന്മകൾ കണ്ടത് കേട്ടത് ചൊല്ലാൻ നാക്കിന് കഴിയട്ടെ

തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ കൊക്കിന് കഴിയട്ടെ’ തത്തമ്മയോട് കവി എന്താണ് പറയുന്നത്. ?

- നന്മകൾ കണ്ടാലും കേട്ടാലും അതിനെക്കുറിച്ച് പറയാൻ കഴിയട്ടെ.
- നന്മകൾ മാത്രമല്ല നമുക്കു ചുറ്റുമുള്ളത്.
- തിന്മകൾ കണ്ടാൽ പ്രതികരിക്കാൻ കഴിയട്ടെ.
- ശക്തമായ ഭാഷയിൽ എതിർക്കാൻ കഴിയട്ടെ

- പത്രനീതി.
- പണയം.
- അമ്മയുടെ എഴുത്തുകൾ

## പാഠം.1
## പത്രനീതി.

ജനമനസ്സുകളിൽ പത്രങ്ങളുടെ സ്വാധീനം വളരെ വലുതാണ്.നന്മയെയും തിന്മയേയും തിരിച്ചറിഞ്ഞ്  അത്തരം വാർത്തകളെ ശരിയായി അവതരിപ്പിക്കുകയാണ് മാധ്യമങ്ങളുടെ ധർമ്മം.ജനാധിപത്യത്തിന്റെ ശക്തിയായ തൂണുകളിൽ ഒന്ന് മാധ്യമങ്ങളാണ്. അതുകൊണ്ടുതന്നെ പത്രങ്ങളും മറ്റു മാധ്യമങ്ങളും സത്യത്തിന്റെ പക്ഷത്തു നിൽക്കണം.മലയാളത്തിലെ അമൂല്യ പ്രതിഭയായ ശ്രീ.സുകുമാർ

അഴിക്കോട് എഴുതിയ നവയാത്രകൾ എന്ന കൃതിയിലെ പത്രങ്ങൾ ഏത് പക്ഷത്ത് എന്ന ലേഖനത്തിൽ നിന്നുള്ള ഭാഗമാണ് പത്രനീതി എന്ന പാഠം.

**പ്രവർത്തനം 1**

പത്രങ്ങൾ എല്ലാറ്റിനെയും വിമർശിക്കുന്നു. എന്നാൽ പത്രങ്ങൾ വേണ്ടത്ര വിമർശിപ്പിക്കപ്പെടുന്നില്ല.ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? എന്തുകൊണ്ട് ?.

- ഏത് മനുഷ്യനും വാർത്ത അറിയുന്നതിന് പത്രം വേണം.
- അതുപോലെ നാട്ടിലേയോ,വീട്ടിലേയോ വാർത്ത നൽകുന്നതിന് പത്രം വേണം.
- പത്രത്തെ എതിർക്കേണ്ടി വന്നാൽ പത്രത്തെ ആശ്രയിക്കണം.
- അതുകൊണ്ടുതന്നെ പത്രം വേണ്ടത്ര വിമർശിക്കപ്പെടുന്നില്ല.

പത്രങ്ങളെക്കുറിച്ച് ചില സാഹിത്യകാരൻമാരും പണ്ഡിതൻമാരും പറഞ്ഞ വിമർശനങ്ങൾ ലിസ്റ്റ് ചെയ്തു നോക്കാം.

| | |
|---|---|
| നെപ്പോളിയൻ | ബയണറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണ്.ബയണറ്റിനേക്കാൾ മൂർച്ചയാണ് പത്രത്തിന്.: |
| ജഫേഴ്സൺ | പത്രം ഇല്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക ഭരണമില്ലാതെ പത്രമുള്ള അവസ്ഥയെയാണ് |
| ഓസ്കാർ വൈൽഡ് | സാഹിത്യം വായിക്കപ്പെടുന്നില്ല, പത്രം വായിക്കാൻ കൊള്ളുകയുമില്ല |
| ഇബ്സൻ | മൃഗങ്ങളുടെ മേൽ പരീക്ഷണം നടത്തുന്ന ശാസ്ത്രജ്ഞർ പത്രപ്രവർത്തകരുടെയും രാഷ്ട്രീയക്കാരുടെയും മേലെ ശസ്ത്രക്രിയ നടത്തി പരീക്ഷിക്കട്ടെ |
| സാമുവൽ ബട്ലർ | പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു |
| അഴീക്കോട് | നാം പത്രം വായിക്കുന്നത് പുകവലി പോലെ അതൊരു ദുശ്ശീലമായി തീർന്നത് കൊണ്ടാണ്. |

ഇന്നത്തെ മാധ്യമങ്ങൾ നീതിപൂർവ്വമാണോ പ്രവർത്തിക്കുന്നത്? നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക.

- “പത്രങ്ങൾ നുണ പ്രചരിപ്പിക്കുന്നു” അച്ചടിച്ചത് അവിശ്വസിക്കാൻ പ്രേരിപ്പിക്കുന്നു .
- മാധ്യമങ്ങൾ ചില പക്ഷത്തുനിന്ന് പ്രവർത്തിക്കുന്നു.
- ബയണനറ്റിനേക്കാൾ മൂർച്ചയുണ്ട് പത്രത്തിന് .
- അതുകൊണ്ടുതന്നെ ഭരണാധികാരികൾ മാധ്യമങ്ങളെ ഭയപ്പെടുന്നു.
- വായിക്കാനും കേൾക്കാനും കൊള്ളാത്ത വാർത്തകൾക്ക് കൂടുതൽ ഇടവും സമയവും നൽകുന്നു.
- മാധ്യമങ്ങൾ നീതിപൂർവ്വമല്ല പ്രവർത്തിക്കുന്നത്.

**മാതൃകാചോദ്യങ്ങൾ**

1. വിഗ്രഹിച്ചെഴുതുക
   പത്രനീതി
2. പിരിച്ചെഴുതുക
   അവസ്ഥയെയാണ്
3. പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്.

—ജഫേഴ്സന്റെ ഈ അഭിപ്രായത്തിന്റെ പൊരുൾ

- പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു.
- പത്രങ്ങൾ ഭരണകൂടത്തെ സ്വാധീനിക്കുന്നു
- പത്രങ്ങളെ ഭരണകൂടം ഭയപ്പെടുന്നു.
- പത്രങ്ങളാണ് ഭരണം നടത്തേണ്ടത്.

4. സ്വേച്ഛാധിപതി പത്രത്തെ ഭയപ്പെടാൻ കാരണം.

- പത്രവാർത്തകൾ വ്യാജമായതിനാൽ
- പത്രങ്ങൾ സത്യം പറയുന്നതിന്റെ മൂർച്ചകൊണ്ട്
- പത്രങ്ങൾക്ക് പ്രചാരം കൂടുമെന്നതിനാൽ
- പത്രങ്ങളുടെ നടത്തിപ്പിന് ചിലവേറുന്നതിനാൽ

5. സത്യംകണ്ടു പിടിക്കാൻ പല അടവുകളും നോക്കേണ്ടി വരും

—ഇവിടെ സൂചിതമാവുന്നത്

- പത്രങ്ങൾ വളരെ വിശദമായി വായിക്കേണ്ടതുണ്ട്.
- പത്രത്തിന്റെ ഭാഷ വളരെ കടുപ്പമുള്ളതാണ്.
- പത്രങ്ങൾ നൽകുന്ന വാർത്തകൾ പലപ്പോഴും കൃത്യമല്ല.
- പത്രവായന വളരെ പ്രയാസകരമാണ്.

6. പത്രമെന്ന വിരോധാഭാസം ഇതത്രേ

—ഈ പ്രസ്താവനയിൽ നിന്ന് സൂചിതമാവുന്നത്?

- പത്രം അനുദിന വാർത്തകൾ നൽകുന്നു.
- പത്രം ശാസ്ത്രസംബന്ധിയായ വാർത്തകൾ നൽകുന്നു.
- പത്രം യുക്തിചിന്തകൾ നൽകുന്നു.
- പത്രത്തെ എതിർക്കണമെങ്കിൽ പത്രത്തെത്തന്നെ ആശ്രയിക്കണം. (സ്കോർ 1)

7. അർത്ഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കി മാറ്റുക.

എന്തിന്റെയും മറുവശം ചൂണ്ടിക്കാണിക്കുന്നതിൽ അതി വിരുതനായിരുന്ന ഓസ്ക്കാർ വൈൽഡ് പത്രങ്ങളുടെ ദ്രോഹകാരിത്വത്തെ പലപ്പോഴും തുറന്നുകളിയാക്കിക്കൊണ്ടിരുന്നു.

8. ബയനറ്റിന്റെ മൂർച്ച ഭയങ്കരമാണ്. അതിനെക്കാൾ മൂർച്ചയാണ് പത്രത്തിന്.

—പത്രനീതിയെക്കുറിച്ചുള്ള എന്ത് സൂചനയാണ് ഈ വാക്യങ്ങൾ നൽകുന്നത്?

- പത്രങ്ങളുടെ വിമർശനശക്തി.
- പത്രങ്ങൾ സത്യത്തിന്റെ പക്ഷത്ത് നിൽക്കണം.

9. പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

—പത്രങ്ങളുടെ അപചയത്തെക്കുറിച്ച് ഈ വാക്യം നൽകുന്ന രണ്ട് സൂചനകൾ എഴുതുക?

(സ്കോർ- 2)

10. സാഹിത്യം വായിക്കപ്പെടുന്നില്ല.പത്രം വായിക്കാൻ കൊള്ളുകയുമില്ല. - ഓസ്കാർ വൈൽഡിന്റെ ഈ അഭിപ്രായത്തിന്റെ പൊരുൾ വിശദമാക്കുക.

11.. സാമൂഹമാധ്യമങ്ങളുടെ ഉപയോഗം മൂലമുണ്ടാകുന്ന ഗുണദോഷങ്ങൾ വിശകലനം ചെയ്യുക.

12.അരാജകമായ ഒരവസ്ഥയിൽപ്പോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു.

—ഈ പ്രസ്താവനയുടെ സാധുത പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

- പത്രങ്ങൾ സാമൂഹ്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കണം.

13. സത്യം കണ്ടുപിടിക്കാൻ പല അടവുകളും നോക്കേണ്ടി വരും. ഗുണിക്കൽ, ഹരിക്കൽ, അഭ്യൂഹം, ഭാവന തുടങ്ങി പലതും.

—ഈ നിരീക്ഷണത്തിന്റെ പൊരുൾ വിശദമാക്കുക.

- പത്രങ്ങൾ നേരിടുന്ന അപചയം
- പത്രങ്ങളുടെ വിശ്വാസ്യത നഷ്ടമാവുന്നു.

(സ്കോർ - 4)

14. മാധ്യമധർമ്മം എന്ന വിഷയത്തിൽ എഡിറ്റോറിയൽ (മുഖപ്രസംഗം) തയ്യാറാക്കുക.

15.ബയണനറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രങ്ങളെയാണ്.

**—നെപ്പോളിയൻ**

രാഷ്ട്രീയത്തിലെ നാലാമത്തെ ശക്തിയാണ് പത്രം.

പത്രനീതി എന്ന പാഠഭാഗത്തിലെ ആശയങ്ങൾ പരിഗണിച്ചുകൊണ്ട് പത്രങ്ങളുടെ സ്വാധീനം സമൂഹത്തിൽ എന്ന വിഷയത്തിൽ ലഘുപ്രഭാഷണം തയ്യാറാക്കുക.

- അഭിപ്രായങ്ങൾ വിശകലനം ചെയ്യുന്നു
- പത്രങ്ങളുടെ പ്രാധാന്യം
- പത്രങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം

(സ്കോർ - 6)

## പാഠം. 2.
## പണയം

ഈ സന്തോഷ് കുമാറിന്റെ വികാരതീവ്രമായ കഥയാണ് പണയം. ദരിദ്രനായ ഒരു തയ്യൽക്കാരനാണ് ചാക്കുണ്ണി. ഇഷ്ടങ്ങളെയും ശീലങ്ങളെയും വരെ മാറ്റിവെച്ചു അധികസമയം ജോലി ചെയ്തു സമ്പാദിച്ച പണംകൊണ്ടാണ് അയാൾ റേഡിയോ വാങ്ങിയത്. ആറാട്ട് കുന്നിൽ ആദ്യമായി റേഡിയോ വാങ്ങിയ ആൾ ചാക്കുണ്ണിയാണ്. റേഡിയോ പരിപാടികൾ അയാളുടെ ജീവിതത്തിന്റെയും തൊഴിലിന്റെയും താളമായി തീർന്നു. കുട്ടിയുടെ ചികിത്സയ്ക്കായി കൊള്ള പലിശക്കാരൻ ചെമ്പു മത്തായിയുടെ അടുത്ത് റേഡിയോ പണയം വയ്ക്കേണ്ടി വന്നു. എന്നാൽ ചികിത്സകൊണ്ട് ഫലമൊന്നും ഉണ്ടായില്ല. കുട്ടി മരണപ്പെട്ടു.ജീവിതത്തിന്റെ കണക്കുകൾ എല്ലാം തെറ്റിപ്പോയ ചാക്കുണ്ണി വായനക്കാരൻറെ മനസ്സിൽ വേദനിക്കുന്ന മുറിവായി മാറുന്നു.

**പ്രവർത്തനം**

1. കഥയിലെ പ്രധാന കഥാപാത്രങ്ങൾ ആരൊക്കെ ?

- ചെമ്പുമത്തായി ,
- ചാക്കുണ്ണി ,

- റേഡിയോ
- കുട്ടി
- മറ്റു നാട്ടുകാർ

2. ചാക്കുണ്ണിയുടെ ജീവിതാവസ്ഥകളും ചെമ്പു മത്തായിയുടെ ജീവിതാവസ്ഥയും പട്ടികപ്പെടുത്തുക.

| ചാക്കുണ്ണി | ചെമ്പുമത്തായി |
|---|---|
| പാവപ്പെട്ട തയ്യൽക്കാരൻ | പലിശയ്ക്ക് പണം കൊടുക്കുന്നയാൾ. |
| മൂന്നു പതിറ്റാണ്ടായി നൂല് കോർത്ത് കുഴിഞ്ഞു കണ്ണുകൾ | സ്വർണ്ണം പണയം എടുക്കുന്ന സമ്പന്നൻ |
| ഇഷ്ടങ്ങൾ മാറ്റിവെച്ച് അധികസമയം ജോലിചെയ്ത് റേഡിയോ വാങ്ങി | മറ്റുള്ളവരുടെ പ്രയാസങ്ങൾ ഒന്നും ഇയാൾക്ക് വിഷയമല്ല |
| കാലിൽ ആണി രോഗം ഉണ്ടായിട്ടും പൊട്ടിയ ചെരിപ്പ് മാറ്റിവങ്ങാതെ പണം സമ്പാദിച്ചു | പാട്ടുകൾ സമയം കളയലാണെന്ന് ചിന്തിക്കുന്നു. |
| റേഡിയോയെ കുട്ടിയെ പോലെ സ്നേഹിച്ചു ലാളിച്ചു | പണം എന്ന് ചിന്ത മാത്രം |
| കുട്ടിയുടെ മരണം തളർത്തിക്കളഞ്ഞു | |

16. പണയം എന്ന കഥയിൽ റേഡിയോ കഥാപാത്രമായി വരുന്നത് എങ്ങനെ?
- കഥയിൽ തുടക്കം മുതൽ ഒടുക്കം വരെ റേഡിയോ നിറഞ്ഞുനിൽക്കുന്നു.
- റേഡിയോ പണയം വയ്ക്കേണ്ടി വന്നപ്പോൾ സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗം ആരോ പറിച്ചുമാറ്റുന്നത് പോലെ തോന്നി.
- ഭാര്യയും കുട്ടികളും റേഡിയോ പരിപാടിക്ക് കാത്തിരുന്നു
- കുട്ടിയെപ്പോലെ പരിപാലിക്കണം എന്ന് ചാക്കുണ്ണി പറയുന്നുണ്ട്
- റേഡിയോ പണയം വെച്ചപ്പോൾ ജീവിതത്തിന്റെ താളം തന്നെ തെറ്റുന്നു.
- വായനക്കാരന് മറ്റെല്ലാ കഥാപാത്രങ്ങളോടും തോന്നുന്നതു പോലെയുള്ള വികാരം റേഡിയോയോടും തോന്നുന്നു

**മാതൃകചോദ്യങ്ങൾ**

1. മാതൃക പോലെ മാറ്റിയെഴുതുക
മുറ്റത്തെത്തിയപ്പോൾ - മുറ്റത്ത് + എത്തിയപ്പോൾ
പണിയൊന്നും - ........ + ....- - -
വയ്ക്കാനെടുക്കുന്ന - ......... +- - - - - - -
ഭേദമായില്ല -........ + .......

2. വിഗ്രഹിച്ച് എഴുതുക

തുണി സഞ്ചി - തുണി കൊണ്ടുണ്ടാക്കിയ സഞ്ചി

സ്വർണ്ണക്കമ്മലുകൾ - ...- - - - - - - -

ചോറ്റുപാത്രം - .........

3.''അങ്ങനെപറയരുത്, കുറച്ചു നേരം അതുകേട്ട് ഞാനങ്ങ് പോയ്ക്കോളാം''— ഇവിടെ പ്രതിഫലിക്കുന്നതെന്ത്?

- ❖ ചാക്കുണ്ണിയുടെ ദൈന്യം
- ❖ ചാക്കുണ്ണിയുടെ അനിഷ്ടം
- ❖ നാട്ടുകാരുടെ ആവേശം
- ❖ ചെമ്പുമത്തായിയുടെ അഹങ്കാരം

4.ചുവടെ ചേർക്കുന്നവയിൽ ചാക്കുണ്ണിയുടെ ജീവിതാവസ്ഥ സൂചിപ്പിക്കുന്ന പരാമർശം ഏത്?

- ❖ അയാളുടെ കണ്ണുകൾ വിടർന്നിരുന്നു.
- ❖ ചുറ്റുമുള്ളവർ അയാളെ ആദരവോടെ നോക്കി
- ❖ മൂന്നുപതിറ്റാണ്ടു നൂലുകോർത്തു കുഴിഞ്ഞുപോയ കണ്ണുകൾ
- ❖ അയാൾ വരണ്ട തൊണ്ടയിൽ ചുമച്ചു.

5.'ചാക്കോ മാപ്ലക്ക് സ്വർണം ചോരേല്ണ്ടാർന്നതാ'—

അടിവരയിട്ട പദം കൊണ്ട് അർഥമാക്കുന്നതെന്ത്?

- ❖ പാരമ്പര്യം
- ❖ കച്ചവടബുദ്ധി
- ❖ തറവാടിത്തം
- ❖ രസികത്തം

6.പണയത്തിലെ ചെമ്പുമത്തായിയുടെ സ്വഭാവത്തിനു യോജിച്ച ശൈലിയേത്?

- ❖ ഇരുട്ടുകൊണ്ട് ഓട്ടയടക്കുന്നവൻ
- ❖ അറ്റകൈക്ക് ഉപ്പുതേക്കാത്തവൻ
- ❖ അഴകിയ രാവണൻ
- ❖ അമരക്കാരൻ

(സ്കോർ 1)

7.'ചെമ്പുമത്തായിയുടെ അടുക്കൽ ചെന്നു റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു'.

—ഇവിടെ ചാക്കുണ്ണിയുടെ മാനസികാവസ്ഥ പ്രകടമാകുന്നുണ്ടോ? വ്യക്തമാക്കുക.

8.'പിന്നെ, മിക്കവാറും ദ്രവിച്ച റബ്ബർ ചെരുപ്പിട്ട് ആണി ബാധിച്ച കാലുകൾ മണ്ണിലൂടെ ഇഴച്ചുകൊണ്ട് അയാൾ തിരിഞ്ഞു നോക്കാതെ നടന്നു'.

**(പണയം)**

— കഥാന്ത്യത്തിലെ ഈ വാക്യത്തിൽ തെളിയുന്നതെന്തെല്ലാം?

(സ്കോർ 2)

9.'ചുറ്റുപാടും നിരവധി ആളുകളുണ്ടായിട്ടും പറഞ്ഞറിയിക്കാനാകാത്ത ഒരേകാന്തത അപ്പോൾ അയാളെ വലയം ചെയ്തു'—

'തുണികളിലൂടെ കത്രിക തെറ്റിസഞ്ചരിച്ചു'

—റേഡിയോ പണയം വച്ചതോടെ ചാക്കുണ്ണിയിലുണ്ടായ മാറ്റം സൂചിപ്പിക്കാൻ ഇത്തരം പ്രയോഗങ്ങൾക്കാവുന്നുണ്ടോ? വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

10.“മത്തായി അയാളെ സൂക്ഷിച്ചു നോക്കി. ഇതെന്തൊരു കോലമാണ് ഇയാളുടെ? തയ്യൽക്കാരൻ ചാക്കുണ്ണി സ്വയം തെറ്റി അളന്ന ഉടുപ്പുകളിൽ കയറികൂടിയതുപോലെ അയാൾക്ക് തോന്നി”.

ചെമ്പുമത്തായിയുടെ ഈ നിരീക്ഷണത്തിൽ നിന്ന് തെളിയുന്നതെന്ത്? കഥാസന്ദർഭം വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

(സ്കോർ 4)

ചാക്കുണ്ണി എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയ്യാറാക്കുക.

11.‘ഈ റോഡിയോം പാട്ട്വക്കെ ഇനിക്കത്ര പിട്ത്തല്യാ. മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്! ആ നേരം നോക്കി വല്ല പണീം എടുത്താല് നാല് കാശുണ്ടാക്കാം’.

**—ചെമ്പുമത്തായി**

‘പണ്യെടുക്കമ്പളും റേഡിയോകേൾക്കാം മൂപ്പരേ,
ഞാനങ്ങന്യാർന്നു. തയ്ക്കണ സമയത്ത് പാട്ടും
നാടകോം ശബ്ദരേഖേം ഒക്കെ കേൾക്കും’

**—ചാക്കുണ്ണി**

—രണ്ടു ധ്രുവങ്ങളിൽ നിൽക്കുന്ന കഥാപാത്രങ്ങളാണോ ചെമ്പുമത്തായിയും ചാക്കുണ്ണിയും. കഥാപാത്രങ്ങളെ താരതമ്യം ചെയ്തു കുറിപ്പു തയ്യാറാക്കുക.

(സ്കോർ 6)

## പാഠം.3
## അമ്മയുടെ എഴുത്തുകൾ

മലയാളിയുടെ ജീവിതത്തിൽ ഏറെ മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു. നല്ലതും നല്ലതല്ലാത്തതുമായ മാറ്റങ്ങൾ. ലോകമെമ്പാടും മലയാളികൾ എത്തിക്കഴിഞ്ഞു. എന്നിരിക്കിലും ഭാഷയെയും നാടിനെയും മറന്നു പോകരുത്. മാതൃഭാഷയെയും കേരളത്തെയും മറന്നു കൊണ്ടുള്ള ആധുനിക ജീവിതത്തിന്റെ നിരർത്ഥകതയെക്കുറിച്ച് വി മധുസൂദനൻ നായർ എഴുതിയ കവിതയാണ് അമ്മയുടെ എഴുത്തുകൾ. നഗര ജീവിതത്തിനിടയിൽ കവി കണ്ടെത്തുന്ന അമ്മയുടെ എഴുത്തുകൾ ആണ് കവിതയുടെ വിഷയം. വീടിനു മോടി കൂട്ടുമ്പോൾ അമ്മ അയച്ച കത്തുകൾ കാൽപ്പെട്ടിയിലേക്ക് ഒതുക്കേണ്ടിവരുന്നു മകന്. ആ സമയം തന്റെ ജീവിത ചിത്രങ്ങൾ തന്നെ ഓർമ്മകളിലേക്ക് കടന്നുവരുന്നു. ആ ചിത്രങ്ങളിൽ അമ്മയുടെ വാത്സല്യം, ഉൽക്കണ്ഠ,വേദന ഒക്കെ നിറയുന്നു. ആ മൊഴികൾ അമ്മ തന്നെ ആയിത്തീരുന്നു. മാതൃഭാഷ തന്നെ ആയിത്തീരുന്നു.

**പ്രവർത്തനം**

1. ‘എത്ര കൗതൂഹലം നോക്കിയാൽ മിണ്ടുമി-
ചിത്രലേഖത്തിന്റെ താളുകൾ ‘

അമ്മയുടെ എഴുത്തുകൾ കവിയോട് മിണ്ടുന്നത് എന്തെല്ലാം ?

- വാത്സല്യം ,ഉൽക്കണ്ഠ, വേദന
- നാമ സങ്കീർത്തനം ,നാട്ടുപുരാണങ്ങൾ
- ഊട്ടുത്സവങ്ങൾ, കൃഷി കാര്യങ്ങൾ
- മരുന്നു കുറിപ്പുകൾ

2 ‘നാദമായ് വന്നെന്റെ നാവിലെത്തേനായി
നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ’

വരികളിലെ ആശയം വിശദീകരിക്കുക.

- ഗർഭാവസ്ഥ മുതൽ അമ്മയുടെ സ്നേഹം പൊക്കിൾകൊടിയിലൂടെ ഭക്ഷണമായും സന്ദേശമായും ലഭിക്കുന്നു.
- പിന്നീട് നാവിലെ തേനായും താരാട്ടായും പകരുന്നു
- അതിന്റെ തുടർച്ചയാണ് ഈ എഴുത്തുകൾ

3. 'നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മതൻ
ബിംബമീയാതിഥ്യശാലയിൽ ശോഭനം '
വരികളിലെ സൂചന എന്ത് ?

- വിദേശ ഭാഷയാണ് മാതൃഭാഷയ്ക്ക് പകരം മക്കൾ ഉപയോഗിക്കുന്നത്.
- സ്വീകരണ മുറിയിൽ വച്ച ഒരു കാഴ്ചവസ്തു മാത്രമാണ് അമ്മ .
- മാതൃഭാഷയോട് ആദരവാണെന്ന് പുറമേ തോന്നും വണ്ണം.

പെരുമാറുമെങ്കിലും യഥാർത്ഥത്തിൽ അങ്ങനെയല്ല
.

4. 'അമ്മയൊരോർമ്മയായ് പുത്തൻ പ്രകാശങ്ങൾ
ജന്മമാളും വനപ്രാചീന നീലയിൽ
മഞ്ഞിയമർന്നതാമോർമ
വരികൾ വിശകലനം ചെയ്യുക.

- നാഗരിക ജീവിതത്തിന്റെ പുത്തൻ ശീലങ്ങളിൽ മഞ്ഞിയമർന്നുപോയ ഓർമ്മകളാണ് അമ്മ
- എത്ര വെട്ടിയാലും അടിക്കാടുകൾ അവശേഷിക്കുന്നത് പോലെ അവശേഷിക്കുന്ന അനുഭൂതിയാണ് അമ്മ.
- എങ്കിലും കെടാവിളക്കായി അമ്മയുണ്ട്.
- അതുപോലെ മാതൃഭാഷയും.

5. അമ്മ തന്നെയാണ് മാതൃഭാഷ - ഈ ആശയം മുന്നോട്ട് വെക്കുന്ന വരികൾ കണ്ടെത്തി വിശകലനം ചെയ്യുക. .

- കുഞ്ഞിന് തേനും വയമ്പും നൽകുന്നതുപോലെ നാവിലെ ആദ്യ മധുരമാണ് മാതൃഭാഷ .
- പൊക്കിൾക്കൊടി ബന്ധം പോലെ ഗർഭസ്ഥ ശിശു ആയിരിക്കെ മുതൽ എല്ലാം നൽകുന്നു .
- ആദിമ സംഗീതമായ താരാട്ടുപോലെ നമ്മളെ പിന്തുടരുന്നു .
- ഓരോ വാക്കിനും ഓരോ മൊഴിച്ചന്തമാണ് അമ്മയുടെ വാക്കുകൾ പോലെ .
- അമ്മയ്ക്ക് മാത്രം തരാൻ കഴിയുന്ന നന്മ, ശുദ്ധി ,ഓർമ്മതൻ ഭൂമി ഒക്കെ മാതൃഭാഷയും നൽകുന്നു.
- എന്നും കാവലായി ശക്തിയായും രക്തത്തിലെ ചൂടായും നിൽക്കുന്നു.

6. 'മുതിരുമ്പോൾ മക്കൾ ചിലപ്പോൾ
മാതാവിൻ മഹിമ മറക്കും
തളരുമ്പോൾ താനേ വീണ്ടും
തായ് വേരിൻ താങ്ങിനു കേഴും '

(സീതായനം)

'ആരു തേടും നാളെ നമ്മുടെ കുട്ടികൾ -
ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ ?'
(അമ്മയുടെ എഴുത്തുകൾ )

- വരികൾ താരതമ്യം ചെയ്യുക .
- രണ്ടുകാവ്യഭാഗങ്ങളിലെയും ആശയം തിരിച്ചറിയുന്നു.
- മാതൃഭാഷയോടുള്ള അവഗണന
- വൃദ്ധരായ മാതാപിതാക്കളെ ഭാരമായി കാണുന്ന മക്കൾ
- എങ്കിലും അവസാനം മാതൃഭാഷയെയും അമ്മയെയും ആശ്രയിക്കേണ്ടി വരും

**മാതൃകാചോദ്യങ്ങൾ**

1.താഴെ കൊടുത്തവയിൽ ചിൻമുദ്ര എന്ന പദം ശരിയായി പിരിച്ചെഴുതിയതേത് ?
ചിത്തം +മുദ്ര
ചിത്+മുദ്ര
ചില +മുദ്ര

2.തായ്മൊഴി തന്നീണമെങ്ങനെ?
അടിവരയിട്ട പദം സൂചിപ്പിക്കുന്നത്?

- മാതൃഭാഷ
- ഉപദേശങ്ങൾ
- പാട്ടുകൾ
- എഴുത്തുകൾ

3.അമ്മതൻ ചിന്മുദ്രയാണീയെഴുത്തുകൾ
—ഇവിടെ സൂചിതമാവുന്നത്

- ഹൃദയത്തിന്റെ ഭാഷ
- സാഹിത്യ ഭാഷ
- ഗദ്യഭാഷ
- ആലങ്കാരിക ഭാഷ

4.നാദമായ് വന്നെന്റെ നാവിലെത്തേനായി
നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ
— അടിവരയിട്ട പദം സൂചിപ്പിക്കുന്നത്?

- കവിത
- വാക്കുകൾ
- ജീവിത ചിന്ത
- മാതൃഭാഷ **(സ്കോർ –1)**

5.എന്തു നവീനം ! കുലീനം !പ്രിയേ നിന്റെ
സുന്ദരദൃഷ്ടി, നിന്നിഷ്ടമാണെന്റെയും. ഈവരികളിലെ അർത്ഥ സൂചന വ്യക്തമാക്കുക.

6.ആരു തേടും? നാളെ നമ്മുടെ കുട്ടികൾ—
ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ?
—ഈ വരികളിലെ സാമൂഹ്യ വിമർശനം വ്യക്തമാക്കുക.

7.നാളെയിക്കുട്ടികൾ ചോദിക്കുമോ? നമ്മ—
ളാരുടെ കുട്ടികൾ?

ആരുടെ നോവുകൾ?
കവിയുടെ ആശങ്ക എത്രമാതം പ്രസക്തമാണ്? നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

- ഭാഷയിൽ നിന്നും സംസ്ക്കാരത്തിൽ നിന്നും അകന്നു പോകുന്ന പുതിയ തലമുറ.
- വേരുകൾ നഷ്ടപ്പെടുന്ന അവസ്ഥ
-

8.താരാട്ടിലോലുന്ന മാധുര്യമെങ്ങനെ?
താൻതന്നെ വന്നു പിറന്നതുമെങ്ങനെ?
–വരികളിലെ സാമൂഹ്യവിമർശനം വ്യക്തമാക്കുക.

- പെറ്റമ്മയിൽ നിന്നും മാതൃഭാഷയിൽ നിന്നും അകന്നു പോവുന്ന തലമുറ

9.അമ്മയുടെ എഴുത്തുകൾ എന്ന കവിതയിൽ മൂന്നു തലമുറകൾ കടന്നുവരുന്നുണ്ട്.

•തലമുറകളിലൂടെ സംഭവിക്കുന്ന വൈകാരിക മാറ്റം കവിതയിൽ എത്രത്തോളം പ്രതിഫലിക്കുന്നു ?
(സ്കോർ - 4)

10. 'അമ്മയുടെ എഴുത്തുകൾ' എന്ന കവിതയിലെ മകനും 'അമ്മത്തൊട്ടിൽ' എന്ന കവിതയിലെ മകനെയും ജീവിതയാത്രയിൽ അമ്മയുടെ സ്നേഹം അനുഭൂതിയായി പിന്തുടരുന്നുണ്ട് - പ്രസ്താവിക്കുക.

11. ഓരോന്നിനോരോ മൊഴിച്ചന്ത,മമ്മയാം
നേരിന്റെയീണവും താളവുമിമ്പവും
അമ്മയ്ക്കു മാത്രം തരാൻ കഴിയുന്നതാം
വെണ്മയും ഞാനാകുമോർമ്മതൻ ഭൂമിയും

— ഓരോ മനുഷ്യന്റെയും വ്യക്തിത്വത്തിന്റെ അടിസ്ഥാനമാണ് മാതൃഭാഷ. എന്നാൽ ഇന്ന് മാതൃഭാഷ വെല്ലുവിളികൾ നേരിടുന്നുണ്ടോ? സമകാലിക സാമൂഹിക അവസ്ഥകൂടി പരിഗണിച്ച് 'മാതൃഭാഷയും സമൂഹവും' എന്ന വിഷയത്തിൽ ലഘു ഉപന്യാസം തയ്യാറാക്കുക

(സ്കോർ - 6)

**അനുബന്ധം**

**പരിശീലന ചോദ്യങ്ങൾ**

1. 'ജാതിരഹിതവും വർഗ്ഗരഹിതവുമായ ഒരു സമൂഹം കെട്ടിപ്പടുക്കാനാണ് ശ്രീനാരായണഗുരു അഭിലഷിച്ചത്.ഗുരുവിന്റെ സന്ദേശം ഇന്ന് അത്യധികം ആവശ്യമായിരിക്കുന്നു. ' - ജവഹർലാൽ നെഹ്റു

മേൽ കൊടുത്ത നിരീക്ഷണവും ശ്രീനാരായണഗുരു എന്ന പാഠഭാഗവും പരിഗണിച്ച് 'ശ്രീനാരായണ സന്ദേശങ്ങളുടെ സമകാലിക പ്രസക്തി' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

**സൂചകങ്ങൾ** :

- പ്രഭാഷണഘടന പാലിച്ചാവണം ഉത്തരം എഴുതേണ്ടത്.
- സംബോധനയോടെ തുടങ്ങണം (ഉദാ:മാന്യ സദസ്സിന് നമസ്കാരം)
- *വിഷയസൂചന നൽകുക.
- *പ്രഭാഷണശൈലി പാലിച്ചുകൊണ്ട് അടുക്കോടെയും ചിട്ടയോടെയും എഴുതുക.
- *പ്രശസ്തരുടെ വചനങ്ങൾ / കാവ്യഭാഗങ്ങൾ ഇവ സന്ദർഭാനുസരണം ഉപയോഗിക്കാം.
- *വിഷയത്തിന്റെ ഇന്നത്തെ പ്രസക്തി വ്യക്തമാക്കുക.
- *സ്വന്തം നിരീക്ഷണങ്ങൾ യുക്തിപൂർവ്വം സമർത്ഥിക്കുക.
- *നന്ദി നമസ്കാരം എന്നെഴുതി അവസാനിപ്പിക്കുക.

ഗുരു- നവോത്ഥാന നായകൻ.

- മനുഷ്യ നന്മയെ കരുതി സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യംവെച്ചയാൾ. സമഭാവനയുടെ സന്ദേശം സമൂഹത്തിന് നൽകി.
- മൂഢാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ഇല്ലാതാക്കി സമൂഹത്തിൽ വിപ്ലവം സൃഷ്ടിച്ചു.
- അധഃകൃതവർഗ്ഗോദ്ധാരകൻ.
- കർമ്മവഴിയിൽ നിന്നും മാറി അലസജീവിതം നയിക്കുന്നവർക്ക് ഗുരുവിന്റെ സമർപ്പിത ജീവിതം മാതൃക.
- ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് .
- മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി. മനുഷ്യാണാം മനുഷ്യത്വം ജാതി .
- പല മതസാരവുമേകം. -
- - മതത്തിന്റെയോ വർഗ്ഗത്തിന്റെയോ പേരിൽ മനുഷ്യർ തമ്മിലടിക്കുന്ന,രാജ്യങ്ങൾ പരസ്പരം യുദ്ധം ചെയ്യുന്ന കാലത്ത് ഗുരുസന്ദേശങ്ങൾ പ്രസക്തം.ജാതിരഹിത വർഗ്ഗരഹിത സമൂഹത്തിന്റെ സൃഷ്ടിക്കായുള്ള ഗുരുവിന്റെ ശ്രമങ്ങൾക്കുള്ള അംഗീകാരമായി നെഹ്റുവിന്റെ വാക്കുകൾ)

2.'ഇത്രയും കാലം അച്ഛന്റെ ഓരോ വിളിക്ക് പിന്നാലെയും അമ്മ ഓടുകയായിരുന്നു '

'ഇന്നലേം വിളിച്ചു വിളിക്കുമ്പം ഞാനിവിടെ ഇല്ലന്ന് വെച്ചാൽ '

(ഓരോ വിളിയും കാത്ത്)

- സൂചനകളും കഥയും പരിഗണിച്ച് 'കഥകളിലെ സ്ത്രീജീവിതം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക

3.ദിവസം മുഴുവനും അലഞ്ഞു നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്?

(അക്കർമാശി)

പാഠഭാഗത്തെ ആശയങ്ങൾ പരിഗണിച്ച് പാർശ്വവൽക്കരിക്കപ്പെടുന്ന ജീവിതം എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക

**സൂചകങ്ങൾ**

- ആകർഷകമായ ശീർഷകം
- ആശയങ്ങളെ ഖണ്ഡികകളായി ക്രമീകരിക്കുക
- ആ മുഖം
- ലിംബാളെയും കുടുംബവും നേരിട്ട വിവേചനങ്ങൾ
- ഇത്തരം പ്രയാസങ്ങൾ ഇന്ന് ചർച്ചാ വിഷയമാവുന്നുണ്ടോ
- ഇത് സാമൂഹ്യ മുന്നേറ്റത്തിന് പ്രയാസമാവുന്നു
- മനുഷ്യത്വവും അറിവുമാണ് പ്രധാനം
- ഉപസംഹാരം

4.''.തമ്പ്രാ ഏനു നെല്ല് കൂലി മതി' ചക്രം മേണ്ട''

(പ്ലാവിലക്കഞ്ഞി)

പാഠഭാഗത്ത് അവതരിപ്പിക്കപ്പെട്ട പ്രശ്നങ്ങളും സമകാലിക കർഷക ജീവിത സാഹചര്യവും വിലയിരുത്തി കർഷക ജീവിതം അന്നും ഇന്നും എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക

5. ''മാതാപിതൃഭ്രാതൃമിത്ര സഖികളെ

ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ''

ലക്ഷ്മണ സാന്ത്വനം എന്ന പാഠഭാഗത്തെ ആശയങ്ങളും സമകാലിക സംഭവങ്ങളും അടിസ്ഥാനമാക്കി ക്രോധം ഒരു സാമൂഹ്യ വിപത്ത് എന്ന വിഷയത്തിൽ എഡിറ്റോറിയൽ (മുഖപ്രസംഗം) തയ്യാറാക്കുക

**സൂചകങ്ങൾ**

ശീർഷകം

നല്ല തുടക്കം

ക്രോധത്തിന്റെ ദുരന്തം വ്യക്തമാക്കുന്ന ആശയങ്ങൾ പാഠഭാഗത്ത് അവതരിപ്പിച്ചിട്ടുള്ളത് വിശദീകരിക്കുക

- ലക്ഷമണന്റെ ക്രോധം വലിയ ദുരന്തം വരുത്തി വച്ചേക്കാം
- ഇന്നത്തെ പ്രശ്നങ്ങൾ
- യുദ്ധം, അക്രമങ്ങൾ തുടങ്ങിയവയൊക്കെ പരാമർശിക്കാം
- സ്വന്തം നിരീക്ഷണം
- ലളിതവും ശക്തവുമായ ഭാഷ

6.ഇന്ന് മാങ്ങാ മരം കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാകാനിടയില്ലെങ്കിലും ഇപ്പറഞ്ഞ പഴയ അപരിഷ്കൃത മട്ടുകൾ അവർ അറിയാനിടയില്ല   നാം പ്രകൃതിയിൽ നിന്ന് അകലുകയാണോ ?

-കൊച്ചു ചക്കരച്ചി എന്ന പാഠഭാഗവും സമകാലിക പരിസ്ഥിതി പ്രശ്നങ്ങളും മുൻനിർത്തി ഒരു എഡിറ്റോറിയൽ (മുഖപ്രസംഗം) തയ്യാറാക്കുക

7..എന്റെ സഹോദരി ദുശ്ശള അവളുടെ ഭർത്താവും സഹോദരന്മാരും മരിച്ചത് കേട്ട് കരഞ്ഞ് കരഞ്ഞ് എന്താവുമോ എന്തോ

എനിക്ക് ഭീഷ്മരും ദ്രോണരും കർണനും ചെയ്ത് തരാത്തത് നിങ്ങൾ മൂന്നു പേരും കൂടി ചെയ്തു തന്നു

-ഇതര പാഠസന്ദർഭങ്ങൾ കൂടി പരിഗണിച്ച് ദുര്യോധനൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

**സൂചകങ്ങൾ**

- ആ മുഖം
- കഥാപാത്രത്തിന്റെ സ്ഥാനം
- സ്വഭാവസവിശേഷതകൾ - സ്വപ്രത്യയ സ്ഥൈര്യം, അഭിമാനം, സഹോദര സ്നേഹം, ജനകീയത, പക യും പ്രതികാരബുദ്ധിയും തുടങ്ങിയവ പാഠ സന്ദർഭങ്ങൾ വിശകലനം ചെയ്ത് വ്യക്തമാക്കുക

8.''ഈ റേഡിയോം പാട്ടൊക്കെ ഇനിക്കത്ര പിടിത്തല്ല''          (പ്രണയം)

കഥ വിശകലനം ചെയ്ത് ചെമ്പുമത്തായി എന്ന കഥാപാത്രത്തിന്റെ സ്വഭാവം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

9.ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

**യുദ്ധം കഴിഞ്ഞ്**

യുദ്ധം കഴിഞ്ഞ്

ശവങ്ങളുടെ കണക്കെടുപ്പു തുടങ്ങിയപ്പോൾ

കൗരവരും പാണ്ഡവരും

ഒന്നിച്ചു തലയിൽ കൈവച്ചു.

'എന്തിനായിരുന്നു യുദ്ധം?'

പാണ്ഡവർ ചോദിച്ചു

'എങ്ങനെയായിരുന്നു മരണം?'

കൗരവർ ചോദിച്ചു.

'ആരാണീ കടുംകൈ ചെയ്തത്?'

പാണ്ഡവർ തിരക്കി.

'ആരാണീ കടുംകൈ ചെയ്യിച്ചത്?'

കൗരവർ തിരക്കി.

'നാം ഒരേ കുടുംബക്കാരല്ലേ?'

പാണ്ഡവർ അദ്ഭുതം കൂറി.

'നാം നല്ല അയൽക്കാരല്ലേ?'

കൗരവർ അദ്ഭുതം കൂറി.

'നമ്മുടെ പുഴകൾ ഒന്നുതന്നെ'

പാണ്ഡവർ പറഞ്ഞു.

'നമ്മുടെ ഭാഷകൾ ഒന്നുതന്നെ'

കൗരവർ പറഞ്ഞു.

'ഞങ്ങളുടെ വീട് അക്കരെയായിരുന്നു'

പാണ്ഡവർ ഓർമ്മിച്ചു.

'ഞങ്ങളുടെ വീട് അക്കരെയായിരുന്നു'

കൗരവർ ഓർമ്മിച്ചു.

'ഒരേ ഭൂമി ഒരേ ആകാശം

ഒരേ വെള്ളം ഒരേ ആഹാരം'

പാണ്ഡവർ പാടി

'ഒരേ വൃക്ഷം ഒരേ രക്തം

ഒരേ ദുഃഖം ഒരേ സ്വപ്നം'

കൗരവർ ഏറ്റുപാടി.

എന്നിട്ട് അവർ തോക്കുകൾ തുടച്ചു വെടിപ്പാക്കി

വീണ്ടും പരസ്പരം വെടിവെച്ചു തുടങ്ങി.

സച്ചിദാനന്ദൻ

10.ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക..

**ഒപ്പരം**

ഒപ്പരം നീ വേണമെന്ന്
അച്ഛൻ അമ്മയോട് പറയുന്നത് കേട്ടിട്ടില്ല.
അമ്മയുടെ ചുമ
രണ്ടായി മൂന്നായി പെരുകുമ്പോൾ
വിറയാർന്ന കൈയാൽ
പുറം തടവുന്ന
അച്ഛന്റെ നെഞ്ചിൻ കൂട്
ഉയർന്നു താഴുന്നത് കണ്ടിട്ടുണ്ട്.
ഒന്നിച്ചിരുന്ന് കഞ്ഞികുടിക്കുമ്പേറ്റ
തന്റെ പാത്രത്തിൽ
കണ്ണുപതിയാതെ,
ഒരുവറ്റ് വഴിതെറ്റിപ്പാഞ്ഞ്
ശ്വാസനാളിയെ
തടഞ്ഞേക്കുമോയെന്ന്
അമ്മയുടെ കൈയിലും
ചലനങ്ങളിലും
പതറാതെ പായുന്ന
കണ്ണുകളുടെ
തിരക്ക് അറിഞ്ഞിട്ടുണ്ട്.
പാതിരയിൽ
ശ്വാസതാളത്തിന്റെ വേഗമളന്ന്
തിരിഞ്ഞുകിടന്നാൽ പോലും

എന്തെന്നാരായുന്ന പിടച്ചിൽ

ചുമരുകളെ പോലും

ഉറക്കത്തിൽ നിന്നുണർത്തുന്നത്

കണ്ടിട്ടുണ്ട്.

പാലു വാങ്ങാൻ ഇത്ര സമയം

അടുക്കളയിൽ നിന്ന്

ഇറയത്തേക്ക് ഇത്ര

കുളിക്കാൻ ഇത്ര....

അതിൽ ഒരു നിമിഷം കൂടി പോയാൽ

''എണേ''

നീട്ടി വിളിയോടൊപ്പം കിതപ്പും

കൂടി വരുന്നത്

തൊട്ടറിഞ്ഞിട്ടുണ്ട്.

ഒപ്പരം നീ വേണമെന്ന്

അച്ഛൻ അമ്മയോട് പറയുന്നത്
ഒരിക്കലും കേട്ടിട്ടില്ല.

വിലാസിനി.ടി.വി

**സൂചകങ്ങൾ**

- കവിയെ / കഥാകൃത്തിനെ പറ്റി പരാമർശിക്കാം.
- ആശയം ചുരുക്കി അവതരിപ്പിക്കുക.
- ആസ്വാദനാംശങ്ങൾ/ സവിശേഷ പ്രയോഗങ്ങൾ സൂചിപ്പിക്കുക.
- സമാനരചനകൾ വായിച്ചിട്ടുണ്ടെങ്കിൽ പരാമർശിക്കുക.
- സമകാലിക പ്രസക്തി.
- സ്വന്തം നിരീക്ഷണം.

**ശില്പശാലയിൽ പങ്കെടുത്തവർ.**

1. വിലാസിനി.ടി.വി -
   എച്ച് എസ് ടി ,. ജി എച്ച് എസ് എസ് മുണ്ടേരി- 9400181919.
2. അബ്ദുൾ സിദ്ദിഖ്.സി എച്ച് -

   എച്ച് എസ് ടി, ജി എച്ച് എസ്സ് തിരുവങ്ങാട്- 9496708815
3. നിസാറാണി.സി
   എച്ച് എസ് ടി,എം എം എച്ച് എസ് എസ് ,ന്യൂമാഹി.- 9497140782.
4. മൃദുല.വി.എം-.
   എച്ച് എസ് ടി, കാടാച്ചിറ എച്ച് എസ് എസ്- 7012527746.
5. ശ്രീവത്സൻ.കെ.ടി
   എച്ച് എസ് ടി , രാജീവ്ഗാന്ധി മെമ്മോറിയൽ എച്ച് എസ് എസ്- 9497696184
6. പവിത്രൻ മണാട്ട്
   എച്ച് എസ് ടി , കോട്ടയം മലബാർ ജി എച്ച് എസ് എസ് -9400460530